പണ്ടുമുതൽ നാടോടി ഗായകരും പാഠകരും പാണന്മാരും തിരിവെളിച്ചത്തിനും തിറവെട്ടത്തിനും ചുറ്റുംകൂടിയ മനുഷ്യരെ കഥപറഞ്ഞു രസിപ്പിച്ചിരുന്നുവെങ്കിൽ ഇന്നത് വെള്ളിത്തിരയുടെ പ്രഭയിലാണ് സംഭവിക്കുന്നത് എന്നുമാത്രം. അതുകൊണ്ട് തിരക്കഥാകൃത്തിന്റെ തായ്‌വഴി വരേണ്യമാധ്യമമായ സാഹിത്യമെന്നതിനേക്കാൾ ജനകീയ കഥനകലയുമായി ബന്ധപ്പെട്ട ഒന്നാണ്" (സി. എസ്. വെങ്കടേശ്വരൻ, 40:2011). സാഹിത്യത്തിന്റെ സുനിശ്ചിതഘടനയെക്കാൾ അയഞ്ഞതും ദ്രവസ്വഭാവിയുമായ കഥനവഴികളുടെ ചരിത്രത്തിലാണ് ഇവിടെ സിനിമയുടെ ഭാഷ സ്ഥാനപ്പെടുന്നത്.

ചലച്ചിത്രത്തിന്റെ ഭാഷാവ്യവസ്ഥ ആത്യന്തികമായി ആശ്രയിക്കുന്നത് ദൃശ്യ ബിംബങ്ങളെയാണ്. അത്തരം ബിംബങ്ങൾ യാതൊരു അടിക്കുറിപ്പിന്റെയും പിൻബലമില്ലാതെ കാഴ്ചയെ അതിന്റെ പ്രതിനിധാന മൂല്യത്തിലേക്ക് ഉയർത്തുന്നതുമാണ്. ഈ പ്രതിനിധാന സ്വഭാവം മറ്റൊരു ഭാഷയ്ക്കും സാധ്യമാക്കാൻ പറ്റാത്തതാണ്. സിനിമയുടെ ഭാഷേതരമായ ചലനം തേടുന്ന ചിഹ്നവ്യവസ്ഥ ഗുഹാചിത്രങ്ങളിൽ രേഖപ്പെട്ടു തുടങ്ങുന്നുണ്ട്. "ചലന ചിത്രത്തിനുവേണ്ടിയുള്ള ശ്രമം ആദിമമനുഷ്യന്റെ ഗുഹാചിത്രങ്ങളിൽ പ്രാഗ്‌രൂപത്തിലാണെങ്കിൽ പോലും പതിഞ്ഞുകിടപ്പുണ്ട്. അയാൾ പരിഷ്കാരിയായി മാറിത്തുടങ്ങിയ പിൻനാളുകളിൽ, പുരാണേതിഹാസങ്ങൾ ചുവർചിത്രങ്ങളായി ആലേഖനം ചെയ്തുവെച്ചതിലും ചലനാനുകരണങ്ങളുടെ അടുത്ത വികാസദശ വീക്ഷിക്കാവുന്നതാണ്. കാഴ്ചയ്ക്ക് വരച്ച ചിത്രങ്ങളും കേൾവിക്ക് തലമുറകൾ കെട്ടും ചൊല്ലിയും പകർന്ന ഭാഷണാഖ്യാനങ്ങളും ഉപയോഗപ്പെടുത്തിയ കലാകാരന്മാർ ചലച്ചിത്രത്തിന്റെയും സ്വനഗ്രാഹിയുടെയും മുന്നവകാശികൾ തന്നെ"(അടൂർ ഗോപാലകൃഷ്ണൻ:2007:25). ഇത്തരത്തിൽ അശിക്ഷിതവും നൈസർഗികവുമായി ദൃശ്യങ്ങൾ ആലേഖനം ചെയ്ത യാഥാർഥ്യങ്ങളുടെ പിൻതുടർച്ചയിലാണ് ദൃശ്യങ്ങളുടെ ഭാഷ ചരിത്രവത്കരിക്കപ്പെടുന്നത്. ഇത്തരത്തിൽ, ഭാഷേതരവും അസാഹിതീയവുമായ ദൃശ്യം മൂലകമാവുന്ന കാഴ്ചവട്ടത്തെയാണ് 'ദൃശ്യഭാഷ' എന്ന് ഇവിടെ വിവക്ഷിക്കുന്നത്. എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റുന്നതുകൊണ്ട് സിനിമ വിശദീകരിക്കാൻ പ്രയാസമാണ്'' എന്ന് ചലച്ചിത്ര സൈദ്ധാന്തികനായ മൊണോക്കോ അഭിപ്രായപ്പെടുന്നു (How to read a film:1978:127).

സിനിമയുടെ രൂപഘടനയിൽ വാക്കുകൾക്കു പകരം തത്സമയ-യഥാതഥ വ്യാഖ്യാനം ആവശ്യമില്ലാത്ത ഇമേജുകൾ സൂചകങ്ങളായി ഉപയോഗിക്കുന്നതുകൊണ്ട് സാധാരണ ഭാഷയ്ക്ക് അപ്രാപ്യമായ താദാത്മ്യ വേഗതയെ കൈവരിക്കാൻ സാധിക്കുന്നു. കാഴ്ച ഒരു സ്വയാർജ്ജിത വ്യവസ്ഥയാണ് എന്ന് സാരം. ചലച്ചിത്രങ്ങൾ എങ്ങനെ വായിക്കപ്പെട്ടു എന്നതിൽ നിന്നും എങ്ങനെ കാണപ്പെട്ടു എന്ന നിലയിൽ അന്വേഷണം മാറുമ്പോൾ കാഴ്ചയുടെ പുതിയ പരിപ്രേക്ഷ്യങ്ങൾ രൂപപ്പെട്ടുവരുന്നു.

ഉത്പാദിപ്പിക്കുന്ന ആശയത്തെ കുറിച്ചു ചിന്തിക്കാനുള്ള സമയം സിനിമ എന്ന ഉല്പന്നം കാഴ്ചാവേളയിൽ നൽകുന്നില്ല. തെളിഞ്ഞും മാഞ്ഞും തുടരുന്ന കാഴ്ചകളാണ് സിനിമയുടെ ദൃശ്യാനുഭവം സൃഷ്ടിക്കുന്നത്. ദൃശ്യങ്ങളും ചിന്തയും ഉൾച്ചേർത്ത് കാമനകളുടെയും ഓർമ്മകളുടെയും ചലനഭാഷ പിന്നീട് കാണി മനനം ചെയ്തെടുക്കുന്നു. ഇത്തരത്തിൽ സിനിമ എന്ന ഉല്പന്നവും കാണി എന്ന ഉപഭോക്താവും തമ്മിലുള്ള വിനിമയം കല്പറ്റ നാരായണൻ ഇപ്രകാരം നിരീക്ഷിക്കുന്നു. "എങ്കിലും 'പകൽക്കിനാവ്'' പുറത്തുവന്നപ്പോൾ അതിനുവേണ്ടി വേദനയനുഭവിച്ചയാൾ


ISSN: 2582 - 2594

എന്ന നിലയ്ക്ക് എനിക്ക് ആ ചിത്രത്തിനോട് വലിയ മമത തോന്നി. അതിലെ ഗാനങ്ങൾ അന്നത്തെ മാത്രമല്ല ചിലപ്പോൾ ഇപ്പോഴത്തെയും എന്റെ ഇഷ്ടഗാനമായതിന്റെ കാരണം ഞാൻ കൊണ്ട അടിയുടെ ചൂടായിരിക്കാം. അതിന്റെ നിർമ്മാതാവും സംവിധായകനും കഴിഞ്ഞാൽ ഞാനാവും ആ സിനിമയ്ക്ക് വേണ്ടി ഏറ്റവുമധികം ക്ലേശിച്ചിട്ടുണ്ടാവുക" (2011:23). കഥാപാത്രങ്ങളുടെ വേദനകളും സന്തോഷങ്ങളും ഇതരരുമായി പങ്കിടാൻ ഇച്ഛിക്കാത്ത അനന്യനായ ആധുനികകാണിയുടെ കാമനകൾ കൂടിയാണ് 'ദൃശ്യഭാഷ' രൂപപ്പെടുത്തുന്നത്.

ചലച്ചിത്രനിർമാണത്തിൽ സംവിധായകന്റെയും സാങ്കേതികപ്രവർത്തകരുടെയും രൂപപരമായ തിരഞ്ഞെടുപ്പിനെകുറിച്ചും അത് പൊതുമണ്ഡലത്തിൽ ഉളവാക്കുന്ന പ്രതിഫലനത്തെക്കുറിച്ചുമുള്ള പഠനങ്ങൾ ദൃശ്യഭാഷയുടെ സാംസ്കാരികപഠനം തുടങ്ങിവെക്കുന്നുണ്ട്. സാംസ്കാരിക സന്ദർഭങ്ങളുടെയും സാങ്കേതികതയുടെയും ചരിത്രവത്കരണവും വിമർശവും സിനിമയുടെ തനതായ ദൃശ്യഭാഷയുടെ ആലോചനകളിലേക്ക് നയിക്കുന്നു. സാഹിത്യ സിദ്ധാന്തങ്ങളുടെ വ്യാഖ്യാനശാസ്ത്രമാണ് ചലച്ചിത്രകലയും പിൻപറ്റേണ്ടത് എന്ന വാദം ഘടനാവാദികളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. ഭാഷാചിന്തകൾക്ക് സമാനമായി ഓരോ ഷോട്ടും ചേർന്ന് രൂപപ്പെടുന്ന ആശയം ഒരു സ്വേച്ഛഘടനാവ്യവസ്ഥയായി ഇവർ പരിഗണിച്ചു. ലൈറ്റ്, ക്യാമറആംഗിൾ, ഷോർട് ദൈർഘ്യം തുടങ്ങിയവ സിനിമയുടെ അർഥം രൂപീകരിക്കുന്നതിൽ പങ്ക് വഹിക്കുന്നു എന്ന ഉപകരണയുക്തിയിലാണ് ഇവിടെ അർത്ഥം നിർണ്ണയിക്കപ്പെടുന്നത്. ചലച്ചിത്ര ഇമേജുകളും അത് ഘടിപ്പിക്കാൻ സ്വീകരിക്കുന്ന രീതികളും സ്വേച്ഛാപരമായിട്ടുള്ളതും മറ്റൊരു ചിഹ്നവ്യവസ്ഥയിൽ നിന്നും കടം കൊള്ളാനാകാത്തതുമാണെന്ന ക്രിസ്ത്യൻ മെട്സ് സ്ഥാപിക്കുന്നുണ്ട് (1984:61). ഭാഷാശാസ്ത്രപരമായ സങ്കൽപ്പങ്ങൾ സിനിമയുടേതായി സ്വീകരിക്കുന്നത് ശരിയല്ലെന്ന് ചലച്ചിത്ര സൈദ്ധാന്തികനായ ജെയിംസ് മൊണോക്കോ അഭിപ്രായപ്പെടുന്നു (1978:122).

സിനിമയുടെ ഭാഷ കൂടുതൽ മനുഷ്യോന്മുഖമായതും ക്ലാസിക്കൽ ഭാഷാശാസ്ത്രത്തിൽ നിന്നും വേറിട്ടു നിൽക്കുന്നതുമായ കാഴ്ചയുടെ അനുഭൂതി ഘടനയാണ് പങ്കുവയ്ക്കുന്നത് എന്ന പരികല്പന ഘടനാവാദാനന്തരം തിരിച്ചറിയപ്പെട്ടു തുടങ്ങി. തുടർന്ന് സാഹിത്യത്തിൽ നിന്നും ഭിന്നമായ ഒരു സാംസ്കാരിക ഭാഷയുടെ അന്വേഷണം ചലച്ചിത്രഭാഷയുടെ ചരിത്രത്തിൽ ആരംഭിച്ചു. ഫ്രഞ്ച് സൈദ്ധാന്തികനായ റൊളാങ്ങ് ബാർത്ത് സിനിമയിലെ ചിഹ്നങ്ങളുടെ പ്രതിനിധാനപരത പാഠപരതയുമായി ബന്ധപ്പെടുത്തിയാണ് വിശകലനം ചെയ്യുന്നത്. സാംസ്കാരികപാഠമെന്ന നിലയിലുള്ള വ്യാഖ്യാനപദ്ധതി പ്രേക്ഷകന് കർതൃത്വം നൽകി.

സംയോജനാത്മകവും സാദൃശ്യാത്മകവുമായി നിൽക്കുന്ന രണ്ട് തലങ്ങളെ ഇഴപിരിച്ചു പരിശോധിച്ചാണ് ചിഹ്നവിജ്ഞാന തലത്തിൽ സിനിമയുടെ ഘടന അപഗ്രഥിക്കപ്പെടുന്നത്. ചിത്രീകരിക്കപ്പെടുന്ന സ്ഥലരാശിയിൽ ഉൾപ്പെടുത്തേണ്ട കഥാപാത്രങ്ങൾ, കലാസജ്ജീകരണങ്ങൾ, വെളിച്ചത്തിന്റെ വിതാനം, പശ്ചാത്തലസംവിധാനം എന്നിവ എങ്ങനെ ഉൾപ്പെടുത്തണം എന്നുള്ളതിനെക്കുറിച്ചുള്ള ആലോചനകളാണ് സാദൃശ്യാത്മക തലം (shooting), ഇങ്ങനെ ചിത്രീകരിച്ചെടുക്കുന്ന ഒരു കൂട്ടം ചിത്രങ്ങളെ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൂട്ടിച്ചേർക്കുന്നതാണ് സംയോജനാത്മക തലം (Editing) എന്ന് സാമാന്യമായി പറയാം.

സിനിമയിൽ കാണാവുന്ന മൂന്നു തരത്തിലുള്ള ചിഹ്നങ്ങളെ കുറിച്ച് ചലച്ചിത്ര സൈദ്ധാ

ന്തികനായ പീറ്റർ വോളൻ Sign and Meaning in the Cinema എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ബിംബകം (Icon), സൂചിക (Index), പ്രതീകം (Symbol) എന്നിവയാണവ. ഉദാഹരണത്തിന് അടൂർ ഗോപാലകൃഷ്ണന്റെ എലിപ്പത്തായം എന്ന സിനിമ വിശകലനം ചെയ്താൽ അതിൽ മാറ്റാൻ പറ്റാത്ത ബിംബകമായി ഇടയ്ക്കിടയ്ക്ക് പ്രത്യക്ഷമാകുന്നത് എലിയെ പിടിക്കുന്നതിന് ഉപയോഗിക്കുന്ന എലിക്കെണിയാണ്. എലിയെ വിവിധ സമയങ്ങളിലായി പിടിക്കുകയും കൊല്ലുകയും ചെയ്യുന്ന ദൃശ്യങ്ങളാണ് സൂചികയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സിനിമയിൽ വീട് രക്ഷപ്പെടാൻ പറ്റാത്ത വണ്ണം പഴുതുകളില്ലാത്ത ഒരു എലിക്കെണിയായി പ്രതീകവത്കരിച്ചിരിക്കുന്നതായും കാണാം. ഇത്തരം സങ്കീർണ്ണമായ ചിഹ്നവിജ്ഞാന പരിശോധനകൾ പ്രേക്ഷകരുടെ ദൃശ്യവ്യാഖ്യാനക്ഷമതയും ഓർമകളുമായുള്ള വിനിമയങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

ഭാഷയുടെ ലക്ഷണങ്ങളും, ആശയ വിനിമയ ശേഷിയും, ആവിഷ്കാരമാധ്യമമെന്ന നിലയും പരിണാമങ്ങളും ഉൾക്കൊള്ളുന്നത് കൊണ്ട് സിനിമയെയും സാഹിത്യഭാഷാവ്യവസ്ഥക്ക് സമാനമായി പരിഗണിക്കാനാവില്ല. ഏതെങ്കിലും ഒരു ഭാഷയുടെ ചട്ടക്കൂടിനുള്ളിൽ നിർത്തി വ്യാകരണപരമായോ രൂപപരമായോ സിനിമയെ പഠിക്കുന്ന രീതി ദൃശ്യങ്ങളുടെ ചലനാത്മകത നിർജീവമാക്കുന്നുണ്ട്. മാഞ്ഞും തെളിഞ്ഞും ചലിക്കുന്ന അനവധി കാഴ്ചകളുടെ ഓർമ്മയും, ഓർമ്മകളുടെ കാഴ്ചയും, സ്വയാർജിതവിനിമയ ശേഷിയുമാണ് ദൃശ്യഭാഷ നിർണ്ണയിക്കുന്നത്. വായനയുടെയും കാഴ്ചയുടെയും സംഘർഷങ്ങൾ ഉൾച്ചേരുന്ന പാഠം എന്ന നിലയിൽ ദൃശ്യഭാഷയുടെ ക്രിയാനുഭവം തിരക്കഥയെ മുൻനിർത്തി വിശദീകരിക്കുകയാണ് തുടർന്ന് ചെയ്യുന്നത്.

### ദൃശ്യഭാഷയുടെ സാക്ഷാത്കാരം തിരക്കഥയിൽ

സാഹിതീയതയും ദൃശ്യാത്മകതയും സംബന്ധിച്ച സന്ദിഗ്ധനില തിരക്കഥ പഠനത്തിൽ ഉള്ളടങ്ങുന്നുണ്ട്. വായന എന്ന അനുഭവ മണ്ഡലത്തിനകത്ത് സിനിമയുടെ സാങ്കേതികത ചുരുക്കി വായിക്കപ്പെടുന്നുണ്ട്. ദൃശ്യകലാരൂപങ്ങളുടെ അരങ്ങുപാഠം എന്നതിന് സമാനമായി സിനിമയുടെ ലിഖിതസാഹിത്യരൂപം എന്ന നിലയ്ക്കാണ് 'തിരക്കഥ' എന്ന സാങ്കേതികസംജ്ഞ സാമാന്യമായി പരിചരിക്കപ്പെടുന്നത്. ദൃശ്യപരതയെ മുൻനിർത്തിയുള്ളഗ്രന്ഥങ്ങൾ പോലും വായനയിൽ ഊന്നിയാണ് ആദ്യകാലങ്ങളിൽ നാമകരണം ചെയ്യപ്പെടുന്നത് എന്ന് കാണാം. 'how to read a film, grammer of television and cinema' എന്നിങ്ങനെയുള്ള തലക്കെട്ടുകൾ നോക്കുക.

ചലച്ചിത്രനിർമ്മിതിക്ക് വേണ്ടി ഉപയോഗിക്കുന്ന സാങ്കേതിക രൂപരേഖയാണ് തിരക്കഥ. ചിത്രീകരിക്കേണ്ടുന്ന സന്ദർഭത്തിനെ അതിവിദൂരവും ബാഹ്യവുമായി എഴുതിവെക്കുന്ന കേവലസൂചനകളാണ് തിരക്കഥകൾ എന്ന് പറയാം. തിരക്കഥ ആ വാക്ക് സൂചിതമാക്കുന്നത് പോലെ അനുസ്യൂതം ചലിക്കുന്ന ദൃശ്യങ്ങളുടെ തിരയുടെ ആലേഖനമാണ് നിർവഹിക്കുന്നത്. ദൃശ്യങ്ങൾ ചലനാത്മകമാക്കുന്ന സാമാന്യസൂചനകളാണ് തിരക്കഥ പങ്കിടുന്നത്. എന്നാൽ, സാഹിത്യപരതയിലും വായനയിലും ഊന്നിയാണ് തിരക്കഥയുടെ പുസ്തകരൂപം വായനക്കാരിലേക്ക് എത്തുന്നത് എന്നത് കൊണ്ട് തിരക്കഥ ഇതരസാഹിത്യരൂപങ്ങൾ പോലെ മറ്റൊരു വായനാവിഭവമായി സാഹിത്യപൊതുമണ്ഡലത്തിൽ വ്യാപിച്ചു. ദൃശ്യകലാസാഹിത്യത്തിൽ

ഒരു ഉപവിഭാഗം എന്ന നിലയിലാണ് പാഠപുസ്തകങ്ങളിൽ തിരക്കഥ പരിചരിക്കുന്നത്. "പാഠ്യഭാഗത്തിനപ്പുറത്തേക്ക് പോയി, തിരക്കഥ (നിർമ്മാല്യം) മുഴുവനായി വായിക്കുവാനും അതിനാധാരമായ ചെറുകഥ (പള്ളിവാളും കാൽച്ചിലമ്പും) യിൽ നിന്നും എന്തൊക്കെ മാറ്റങ്ങൾ സിനിമയ്ക്കുവേണ്ടി വരുത്തിയിട്ടുണ്ടെന്ന് അന്വേഷിക്കുവാനും അറിയുവാനുമൊക്കെയുള്ള അവസരവും പ്രോത്സാഹനവുമാണ് സ്കൂളിൽ നിന്നും ഒരു പഠിതാവിന് ലഭിക്കേണ്ടത്" (അടൂർ ഗോപാലകൃഷ്ണൻ, 28:2007). സാഹിത്യത്തിന്റെയും ചലച്ചിത്രരചനയുടെയും ആഖ്യാന തന്ത്രത്തെ വ്യവച്ഛേദിച്ചറിയാനും ഓരോന്നിന്റെയും ഭിന്നസ്വരൂപത്തെ മനസ്സിലാക്കാനും അത് വഴി ദൃശ്യപരമായ ചലച്ചിത്രത്തിന്റെ സ്വകീയ ഭാഷ കണ്ടെത്താനും അടൂർ ഇവിടെ ശ്രമിക്കുന്നു.

തിരക്കഥയിൽ വാക്കുകൾ സാഹിത്യ ബാഹ്യമായതും സിനിമയുടെ ക്രിയകളിലേക്ക് നീളുന്നതുമായ സൂചനകൾ മാത്രമായാണ് പ്രവർത്തിക്കുന്നത്. ചലച്ചിത്രരചന ചലച്ചിത്രാഖ്യാനത്തിനുതകുന്ന ബിംബങ്ങളുടെ സൂചകങ്ങളിൽ രചിക്കപ്പെടേണ്ടതിന്റെ ആവശ്യകത മങ്കട രവിവർമ്മ വ്യക്തമാക്കുന്നുണ്ട്. "സ്ക്രിപ്റ്റ്, ബിംബങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട്, ബിംബത്തിന്റെ സ്ഥാനങ്ങളെ നിർണ്ണയിച്ചുകൊണ്ട്, അവയുടെ ദിശ, വേഗത മുതലായി ചലനത്തിനുതകുന്ന നിർദേശങ്ങൾ ഉൾക്കൊണ്ടതായിരിക്കണം. സംഭാഷണങ്ങൾക്കും മറ്റു ശബ്ദങ്ങൾക്കുമുള്ള നിർദേശങ്ങൾ അടങ്ങുന്നതും നല്ലതു തന്നെ. ഏതു ലെൻസുപയോഗിക്കണമെന്നും ട്രോളിയുടെയും ക്രെയിനിന്റെയും ഉപയോഗം ആവശ്യമാണോ എന്നും മറ്റുമുള്ള നിർദേശങ്ങൾ സ്ക്രിപ്റ്റിൽ വേണമെന്നില്ല. പകരം 'സമീപദൃശ്യം-പശ്ചാത്തലം അവ്യക്തം' എന്നൊരു നിർദേശമുണ്ടെങ്കിൽ ഏതു ലെൻസുപയോഗിക്കണമെന്നും, ഛായാഗ്രഹണ വസ്തു ക്യാമെറയിൽ നിന്നും എത്ര ദൂരത്തായിരിക്കണമെന്നും ഛായാഗ്രാഹകനും സംവിധായകനുംവ്യക്തമാകും" (മങ്കട രവി വർമ്മ, 51:2015). ഇങ്ങനെ സാഹിത്യത്തിനും കേവല സാങ്കേതികതയ്ക്കും അപ്പുറം നിൽക്കുന്ന ദൃശ്യത്തിന്റെ തനതുഭാഷയെ കുറിച്ചും അത് സാധ്യമാക്കുന്ന സവിശേഷ ആഖ്യാനത്തെ കുറിച്ചുമാണ് മങ്കട രവിവർമ്മ ഇവിടെ സൂചിപ്പിക്കുന്നത്.

ദൃശ്യപരമായി സിനിമ ആദ്യനാളുകളിൽ സാധർമ്മ്യം പ്രകടിപ്പിച്ച രൂപം നാടകമാണ്. അരങ്ങിനുള്ളിൽ മാത്രം ചലനമുണ്ടായിരുന്ന നാടകം പുറത്തുനിന്നും നോക്കിക്കാണുന്ന ഒരു കാണിയുടെ വീക്ഷണകോണിലായിരുന്നു ചലച്ചിത്രം ചിത്രീകരിച്ചിരുന്നത്. ആദ്യകാലങ്ങളിൽ ചലച്ചിത്രം നാടകത്തെ അന്ധമായി അനുകരിച്ചിരുന്നതിന്റെ ചരിത്രപശ്ചാത്തലത്തെ അടൂർ ഗോപാലകൃഷ്ണൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. "അരങ്ങിന്റെ വിശ്വസ്തമായ പകർപ്പുകളെടുക്കാനുതകുന്ന ഉത്തമമായൊരു മാർഗ്ഗമായി നാടകക്കാർ ചലച്ചിത്രത്തെ കണ്ടു. ഫ്രാൻസിലെ പാഥേ കമ്പനിയുമായി ഈ ആവശ്യത്തിലേക്ക് അവിടുത്തെ നാടകസംഘങ്ങൾ ദീർഘകാല കരാറുകളിൽ ഏർപ്പെടുകപോലും ചെയ്തു. അരങ്ങിൽ കാട്ടാൻ കഴിയാത്ത പലതും വാതിൽപുറത്തേക്കിറങ്ങി ചിത്രീകരിക്കാം എന്ന സാധ്യത ഇവിടെ കൂടുതലുണ്ടായി" (അടൂർ ഗോപാലകൃഷ്ണൻ, 1:2014). അരങ്ങിൽ നിന്നും പുറത്തേക്ക് കുതറുന്ന ചലച്ചിത്രത്തിന്റെ പരിണാമ വ്യഗ്രതയാണ് അടൂർ ഇവിടെ വെളിവാക്കുന്നത്.

മലയാളത്തിൽ ആദ്യകാല തിരക്കഥാ രചയിതാക്കൾ നാടക രചനയുടെ അനുശീലനമാണ് പങ്കിട്ടത്. "ഭിന്നവൈചിത്ര്യമാർന്ന പ്രമേയങ്ങൾ കൈകാര്യം ചെയ്തുവെങ്കിലും ഈ സിനിമകൾ കേവലം ഫോട്ടോനാടകങ്ങളായിരുന്നു. ദൃശ്യങ്ങളുടെ നൈരന്തര്യോപാധി സംഭാഷണവും,

ഒരു ഗ്രൂപ്പ്ഫോട്ടോയിലെന്നതുപോലെ പരിമിതമാക്കപ്പെട്ട കഥാപാത്രങ്ങളുടെ ക്രിയാമണ്ഡലവും എന്നിങ്ങനെ അളവിൽ കവിഞ്ഞ നാടകാസ്വാധീനമാണ് ഈ സിനിമകൾ വെളിപ്പെടുത്തിയിരുന്നത്. ചലച്ചിത്രപരമായ സൗന്ദര്യശിക്ഷണമോ ഇവരുടെ സിനിമകൾക്ക് തീർത്തും അന്യമായിരുന്നു. ആശയങ്ങൾ അവതരിപ്പിക്കുന്നത് കഥാപാത്രങ്ങളിലൂടെയാണ് മാത്രമല്ല, ആഖ്യാനവും കഥാപാത്രങ്ങളിലൂടെയാണ് സംഭവിക്കുന്നത്" (എ.പി. സുരേഷ് 22:2000). നാടകത്തിന്റെ പരിമിതികൾ മറികടക്കുന്ന ദൃശ്യാനുഭവമായി ചലച്ചിത്രം തിരിച്ചറിയപ്പെട്ടു. "അസംഖ്യം നർത്തകർ പങ്കെടുക്കുന്ന സമൂഹ നൃത്തം, പ്രകൃതിക്ഷോഭ ദൃശ്യങ്ങൾ, യുദ്ധരംഗങ്ങൾ എന്നിങ്ങനെ നാടകവേദിയിലൊതുങ്ങാത്ത രംഗങ്ങളെ യാഥാർഥ്യപ്രതീതി നഷ്ടപ്പെടാതെ ചലച്ചിത്രത്തിലേക്ക് പകർത്തുവാൻ ക്യാമറയ്ക്ക് കഴിയും. നാടകത്തിലെ നടീനടന്മാരുടെ ഭാവഹാവാദികളെ അടുത്തുകണ്ടാസ്വദിക്കുവാൻ നാടകസദസ്സിൽ വിദൂരതയിലിരിക്കുന്ന വ്യക്തികൾക്ക് സാധിക്കുന്നില്ല. എന്നാൽ വെള്ളിത്തിര നിറഞ്ഞുനിൽക്കുന്ന സമീപദൃശ്യങ്ങളെ (close shots) ഉപയോഗപ്പെടുത്തി ഈ കുറവ് പരിഹരിക്കാൻ സിനിമാസംവിധായകന് കഴിയുന്നു" (ആർ.എസ്. പിള്ള, 41:1992). ഒരു തരം ഫോട്ടോനാടകം എന്നതിനപ്പുറം ക്യാമറയുടെ ചലനശേഷിയും സംവഹനവും കാണിയെ സൂക്ഷ്മമായി സംബോധന ചെയ്യുന്ന നിലയും ഇവിടെ സൂചിതമാകുന്നു.

നാടകത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപാഠം നിലനിൽക്കുന്നത് 'നാടക രചന' എന്ന് പറയുന്ന അതിന്റെ എഴുത്തുരൂപത്തിലാണ്. ഓരോ രംഗസജ്ജീകരണത്തിനും, ഓരോ അഭിനേതാക്കൾക്കും, ഓരോ കാണികൾക്കും, ഓരോ കാലഘട്ടത്തിനും അനുസരിച്ച് നാടകങ്ങളുടെ രംഗാവിഷ്ക്കാരം മാറാം. അതിന്റെ രചിതപാഠം മാറുന്നില്ല. എന്നാൽ ചലച്ചിത്രം പൂർത്തീകരിക്കുന്നതോടെ തിരക്കഥയുടെ അപ്രമാദിത്യം നഷ്ടപ്പെടുകയും പാഠത്തിന്റെ ദൗത്യം തുടർകാലത്തേയ്ക്ക് ചലച്ചിത്രം കയ്യാളുകയും ചെയ്യുന്നു. ഒരേ സമയം ദൃശ്യപ്രകാശനത്തിനുള്ള മാർഗ്ഗരേഖ ആയിരിക്കുമ്പോൾ തന്നെ നാടകരചനയും ചലച്ചിത്രരചനയും എങ്ങനെ വ്യതാസപ്പെടുന്നു എന്ന് ജി. ശങ്കരപ്പിള്ള നിരീക്ഷിക്കുന്നുണ്ട്. "നാടകം ദൃശ്യപ്രകാശനത്തിനുള്ള രൂപരേഖ മാത്രമല്ലെന്നും തിരക്കഥ രൂപപൂർണ്ണതയില്ലാത്ത അടിസ്ഥാനം മാത്രമാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. നാടകസംവിധായകൻ നാടകസ്ക്രിപ്റ്റിനെ അന്ധമായി ആശ്രയിക്കുന്നുവെന്നും തിരക്കഥയുടെമേൽ സംവിധായകന് ഇത്തരം വിധേയത്വമില്ലെന്നും പറയാതെ പറയുന്നു ശങ്കരപ്പിള്ള. കാലം കൊണ്ട് തിരക്കഥയ്ക്കും ഈ സാഹിത്യപദവി കിട്ടിയേക്കാം. ആട്ടക്കഥയ്ക്കും ഇങ്ങനെയൊരു സ്വയംസമ്പുഷ്ടത കാണാം. ആട്ടക്കഥ മുഴുവനായി അവതരിപ്പിക്കുക പതിവില്ല" (ഡോ. ആർ.വി.എം. ദിവാകരൻ, 2017:69 ).

നാടകവും കഥകളിയും പോലുള്ള രംഗകലകളുടെ ദൃശ്യപാഠവും ആട്ടപ്രകാരങ്ങളും അവതരണങ്ങൾക്കായുള്ള ഭാവിസൂചനനല്കുന്നുണ്ട്. വർത്തമാനകാല ക്രിയകളായാണ് തിരക്കഥ എഴുതുന്നത് എങ്കിലും ഭാവികാലത്തിൽ ഊന്നി നീട്ടിയെഴുതിയ സൂചനകളാണ് തിരക്കഥ എന്ന് പറയാം. ഭൂതകാല സംഭവങ്ങളും തിരക്കഥയിൽ അടയാളപ്പെടുക വർത്തമാനകാലത്തിലാണ്.[1] സിനിമ സംഭവിക്കുന്നതോടെ തിരക്കഥയിൽ ലീനമായ കാലഉദ്ദേശങ്ങളും ലക്ഷ്യങ്ങളും അവസാനിക്കുന്നു. ഇത്തരത്തിൽ കാലപരമായും സ്ഥലപരമായും അനവധി ആയലുകളും ആയിത്തീരലുമാണ് ദൃശ്യഭാഷ ചലനാത്മകമാക്കുന്നത്.


ISSN: 2582 - 2594

സിനിമയുടെ സങ്കേതങ്ങൾ ക്യാമറയുടെ സാങ്കേതികതയുമായാണ് ബന്ധപ്പെട്ടു കിടക്കുന്നത്. ഒരു കഥയെ ചിത്രങ്ങൾകൊണ്ട് പറയുന്നതാണ് തിരക്കഥ എന്ന് സയ്ദ് ഫീൽഡ് പറയുന്നു (1984:3). ചിത്രസന്നിവേശത്തിനു പ്രാധാന്യം കിട്ടുന്നതോടെ എങ്ങനെ ചിത്രങ്ങളെ ക്രമാനുഗതമായി അടുക്കിവെക്കാം എന്ന ചിന്ത രൂപപ്പെടുകയും ആ മാതൃകയിൽ ചലച്ചിത്രം എഴുത്തിന്റെ ഘടനയിലേക്കു മാറ്റപ്പെടുകയും ചെയ്തതാണ് തിരക്കഥയായി പരിണമിച്ചത്. കാഴ്ചപ്പെടുത്താൻ പോകുന്നതിനെ ചിത്രങ്ങളിൽ മുദ്രിതമാക്കുന്ന ചിത്രരൂപങ്ങളെ ഷൂട്ടിങ് സ്ക്രിപ്റ്റ് എന്ന് പറയുന്നു. പ്രസ്തുത രൂപം നാടകത്തിന്റെ ലിഖിതപാഠം പോലെ സംഭാഷണത്തിലൂടെയും വിവരണത്തിലൂടെയും സാഹിത്യവുമായി ഇഴചേർന്ന് കിടക്കുന്ന ഒന്നല്ല. ഇത്തരം വിവരങ്ങളും സംഭാഷണങ്ങളും എല്ലാം കഥാപാത്രങ്ങൾക്കും സംവിധായകനും കൊടുക്കുന്ന കേവല നിർദേശങ്ങൾ മാത്രമാണ്. കഥാപാത്രങ്ങൾക്കിടയിൽ സംഭവിച്ചിട്ടുള്ള വൈകാരിക സംഘട്ടനങ്ങൾ, ഇതിവൃത്തത്തിൽ കാത്തുവെയ്ക്കേണ്ട നാടകീയ മുഹൂർത്തങ്ങൾ എല്ലാം തിരക്കഥയ്ക്കും മുമ്പുള്ള ആശയാനുവാദത്തിന്റെ ഭാഗമായേ പരിഗണിക്കാൻ പറ്റുകയുള്ളൂ. തിരക്കഥ ജനിക്കുന്നതും പൂർണമാകുന്നതും ലിഖിതപാഠത്തിലല്ല. സാങ്കേതികപാഠം ചിത്രീകരണത്തിലൂടെ വളർന്ന് ചിത്രസംയോജനത്തിലും ശബ്ദ സന്നിവേശത്തിലൂടെയും വളരുകയുമാണ് ചെയ്യുന്നത്. ഓരോ ഘട്ടത്തിലും തിരക്കഥയിൽ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും സംഭവിക്കുന്നുണ്ട്. അതൊന്നും രേഖപെടുത്തപ്പെടണം എന്നില്ല. അതുകൊണ്ട് തിരക്കഥ അദൃശ്യമായതും വളർച്ചയുള്ളതുമായ ഒന്നായിട്ടാണ് മനസ്സിലാക്കേണ്ടത്. തിരക്കഥകൾ സംവിധായകന്റെയും ഛായാഗ്രാഹകന്റേയും ശബ്ദ-ചിത്ര സന്നിവേശകന്റെയും അഭിനേതാക്കളുടെയും ഉൾച്ചേരലുകൾക്ക് വിധേയമായാണ് പൂർത്തിയാകുന്നത്. അതുകൊണ്ടുതന്നെ സാഹിത്യത്തിലെ രചയിതാവ് എന്നത് പോലെ തിരക്കഥാകൃത്തിന് ഏക കർതൃപദവി ലഭ്യമാകുന്നില്ല. പ്രേക്ഷകസവിധത്തിൽ എത്തുന്നതോടെ തിരക്കഥയ്ക്ക് പ്രസക്തിയില്ലാതാവുകയും വളർച്ച മുറ്റി മരിക്കുകയുമാണ് ചെയ്യുന്നത്. ഇതാണ് തിരക്കഥയുടെ ജീവചരിത്രം. ഇങ്ങനെ മൃതമായ പാഠമാണ് പുസ്തക രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്.

സാഹിത്യത്തിന്റെ ലാവണ്യശാസ്ത്രാധികാരത്തിൽ നിന്ന് ചലച്ചിത്ര ഭാഷയെ വേർപെടുത്തികൊണ്ട് പഠിക്കപ്പെടുന്ന നിരൂപണ പ്രസ്ഥാനത്തിന് ദൃശ്യഭാഷയുടെ നിർണ്ണയനത്തിൽ വലിയൊരു പങ്ക് വഹിക്കാനാവുമെന്ന് വി. രാജകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. “ചലച്ചിത്ര രൂപങ്ങളെക്കുറിച്ചുള്ള (cinematic symbols) ചർച്ചയ്ക്ക് ആരംഭമിടുന്നതിന് മുമ്പായി ചെയ്യേണ്ട ഒരു കാര്യം, സാഹിത്യനിരൂപണത്തിൽ നിന്ന് (literally symbols) അവയെ വേർതിരിച്ചു കാണുക എന്നതാണ്. ഒരു ചെറുകഥയിൽ അല്ലെങ്കിൽ ഒരു നോവലിൽ പ്രത്യക്ഷപ്പെടുന്ന പ്രതിരൂപത്തിന്റെ ധ്വനന രീതി ചലച്ചിത്ര രൂപത്തിന്റേതിൽ നിന്നും വിഭിന്നമാണ്. 1992:40)”. കാഴ്ചപ്പെടുത്തലിന്റെ പ്രായോഗിക തലങ്ങളായ ക്യാമറയുടെ വീക്ഷണകോൺ ചിത്രത്തിന്റെ വിവിധ ദൂരക്കാഴ്ച്ചകൾ, ക്യാമറയുടെ തലങ്ങും വിലങ്ങുമുള്ള സഞ്ചാരങ്ങൾ, ചിത്ര സംയോജനത്തിന്റെ ക്രമങ്ങൾ, ചിത്രീകരണത്തിലും ചിത്രസംയോജനത്തിലും ഉപയോഗിക്കുന്ന വിവിധ നിറങ്ങൾ ഉടങ്ങിയ രൂപപരമായ തിരഞ്ഞെടുപ്പുകൾ സംവിധായകന്റെ കർതൃത്വാവകാശമാണ്. “അഗ്നിസാക്ഷി എന്ന സിനിമ ഫുൾ കളറിൽ ചിത്രീകരിക്കുമ്പോൾ ഉണ്ടാകുമായിരുന്നേക്കാ

വുന്ന എത്രയോ കാഴ്ചസാദ്ധ്യതകളാണ് സെപിയ സൗന്ദര്യപരമായും രാഷ്ട്രീയപരമായും ചുരുക്കിക്കളഞ്ഞത്! "സ്ത്രീവിമോചനം, കേരളീയനവോത്ഥാനം, ഇന്ത്യൻസ്വാതന്ത്ര്യസമരധാരകൾ, വിവിധ ഭൂഭാഗചിത്രീകരണം തുടങ്ങി ബഹുസ്വരമായി നിലകൊള്ളുന്ന കഥാഖ്യാനപാഠത്തെ ആത്മീയതയുടെയും സന്ന്യാസത്തിന്റെയും അംശങ്ങൾ കലർന്നൊഴുകുന്ന സവർണ്ണസാംസ്കാരികതയുടെ ഏകപാഠത്തിലേക്ക് ഒതുക്കുന്നത് സാംസ്കാരിക ദേശീയത (cultural nationalisam) യുടെ ചലച്ചിത്രപരമായ വെളിപ്പെടലാണ്. ചുരുക്കിപ്പറഞ്ഞാൽ ഗോൾഡൻ സെപിയ സാംസ്കാരികദേശീയതയുടെ വർണ്ണസൂചക(colour code)മായി മാറുന്നു. ഇങ്ങനെ ഒരു കോഡ് രൂപപ്പെടുന്നതോടെ ബഹുസ്വരവായന/കാഴ്ച്ച അസാധ്യമായി തീരുന്നു (അജു കെ നാരായണൻ, ഷെറി ജേക്കബ്, 2012:43)." സംവിധായകന്റെ ഇത്തരം രൂപപരമായ തിരഞ്ഞെടുപ്പുകൾക്ക് പിന്നിലെ ബോധമോ അബോധപരമോ ആയ ഉദ്ദേശ്യങ്ങളെ സാംസ്കാരിക വ്യവഹാരത്തിലും ചരിത്രപശ്ചാത്തലത്തിലും വെച്ച് പ്രശ്നവൽക്കരിക്കേണ്ടതുണ്ട്. സാഹിത്യാംശത്തെ അനുകൂലിക്കുന്ന പ്രമേയകേന്ദ്രിതവും സംഭാഷണബഹുലവുമായ ചർച്ചകൾ ചലച്ചിത്രഭാഷയെ സംബന്ധിച്ച ചർച്ചകളിൽ നിന്ന് വിടുവിച്ചുകൊണ്ട് ചലച്ചിത്രത്തിനെ സ്വകീയരൂപത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും എത്തിച്ചേരാൻ സഹായിക്കുന്നതാണ് ഇത്തരം പഠനങ്ങൾ. ഇങ്ങനെ സാഹിത്യേതരമായ ദൃശ്യഭാഷയിലൂടെ നിർവഹിക്കുന്ന ആഖ്യാനം 'ചലച്ചിത്രത്തിന്റെരൂപഭദ്രത' എന്ന രീതിയിൽ പരിഗണിക്കാവുന്നതാണ്.

പ്രതിപാദ്യവും അവതരണരീതിയും, രൂപവും ഭാവവും ഒരേ പോലെ പ്രാധാന്യമുള്ളതാകണം എന്ന നിലയിൽ ചലനാത്മകമായ ക്രിയകളിൽ രൂപത്തെ വ്യാഖ്യാനിക്കാനുള്ള ശ്രമം ചലച്ചിത്രത്തിന്റെ രൂപഭദ്രത ഉള്ളടക്കുന്നുണ്ട്. 'നാടകാന്തം കവിത്വ'മെന്നത് കൊണ്ട് എത്രമേൽ ക്രിയാത്മകമാകണം കവിത എന്നാണ് മുണ്ടശ്ശേരി ആലോചിക്കുന്നത്.[2] ഇതുപോലെ എത്രമേൽ ദൃശ്യപരമായ ഭാഷയിൽ, ചലനാത്മകമായി ചലച്ചിത്രം ആഖ്യാനം ചെയ്യപ്പെടുന്നു എന്നതാണ് 'ചലച്ചിത്രത്തിന്റെ രൂപഭദ്രത' നിർണ്ണയിക്കുന്നത് എന്ന് പറയാം. ഇതരകലകളെ അപേക്ഷിച്ച് ചലച്ചിത്രത്തിന് അതിന്റെ രൂപം തന്നെയാണ് ഉള്ളടക്കം.

ചലച്ചിത്രത്തിന്റെ രൂപഭദ്രതയെ നിർണ്ണയിക്കുന്ന രണ്ട് ഘടകങ്ങൾ സ്ഥലവും കാലവും ആണ്. ഇതിൽ സ്ഥലവിന്യാസത്തിൽ എന്തെല്ലാം ഉൾച്ചേരണമെന്നു തീരുമാനിക്കുന്നത് മിസ്-എൻ-സീൻ(mise-en-scene)ഉം ഈ സ്ഥലത്തെ ചലനാത്മകമാക്കുകയും അനുയോജ്യമായ സമയം അനുവദിച്ചു കൊണ്ട് അതിനെ വളർത്തി എടുക്കുന്നത് മൊണ്ടാഷും (montage) ആണ്. ചലച്ചിത്രത്തിന്റെ സൗന്ദര്യപരമായ അന്തസത്ത അതിന്റെ രൂപപരതയിൽ തന്നെയാണു സൈദ്ധാന്തികർ കണ്ടെത്തുന്നത്. ഓരോ ജനുസും സ്വയം സൗന്ദര്യാത്മകമായി തീരുന്നു എന്ന വിലയിരുത്തലാണിത്. ലെൻസിനു വ്യത്യാസപ്പെടുത്താൻ കഴിയുന്ന ദൃശ്യരൂപങ്ങളും പ്രകാശക്രമീകരണങ്ങളും ചലച്ചിത്രാത്മകതയുടെ അന്തസത്തയായി കാണുന്നവരുണ്ട്. ഇത്തരത്തിൽ സാങ്കേതികതയും സാംസ്കാരികതയും ഉൾച്ചേരുന്ന സവിശേഷമായ കാഴ്ചവട്ടങ്ങൾ സിനിമ ഉത്പാദിപ്പിക്കുന്നുണ്ട്.

സാഹിതീയമായ മേൽകൈ കാഴ്ചപാടുകളിൽ നിന്ന് വേറിട്ട ചലച്ചിത്രകലയുടെ കർതൃപദവി ദൃശ്യഭാഷ ചർച്ച രൂപപരമായും ഭാവപരമായും ഉൾച്ചേർക്കുന്നു. ചലചിത്ര നിർമ്മാണത്തിൽ

 ISSN: 2582 - 2594

പ്രയോഗിക്കുന്ന സാങ്കേതികതയും അതുളവാക്കുന്ന സൗന്ദര്യ വിവക്ഷകളും വിനിമയം ചെയ്യുന്ന ദൃശ്യഭാഷ കാഴ്ചയുടെ പുതുചരിത്രം നിർമ്മിക്കുന്നു. നിർമ്മാണവേളയിലെ സാങ്കേതിക പ്രയുക്തത ചലച്ചിത്രകലയുടെ രൂപത്തെ മാത്രമല്ല അതിന്റെ പ്രമേയത്തെക്കൂടി സ്വാധീനിക്കാൻ കെല്പു ള്ളതായി മാറുന്നു. രൂപം തന്നെ അതിന്റെ ഉള്ളടക്കവും ഉള്ളടക്കം തന്നെ രൂപവും ആകുന്ന ആദേശപ്രക്രിയയാണത്.

## ഉപസംഹാരം

സാമ്പ്രദായിക ഭാഷയുടെ ചിട്ടവട്ടങ്ങളെയോ നിയമങ്ങളെയോ അനുസരിക്കാത്തതും അനുശീലനം ഇല്ലാതെ തന്നെ പ്രവേശിക്കാവുന്നതുമായ ഭാഷേതരമായ ചലച്ചിത്രത്തിന്റെ ചിഹ്നവ്യവസ്ഥ ദൃശ്യത്തിന്റെ തനതുഭാഷ മുന്നോട്ട് വയ്ക്കുന്നു. സാങ്കേതിക അവബോധത്താൽ നിർവഹിക്കുന്നതും സാഹിത്യസ്വഭാവം പ്രകടിപ്പിക്കുന്നതുമായ തിരക്കഥ ദൃശ്യഭാഷയുടെ സങ്കീർണനില സംവഹിക്കുന്ന രൂപമാണ്. കാഴ്ച സ്വകീയമായി വ്യാഖ്യാനക്ഷമമാകുന്ന ഭാ ഷാസ്വഭാവം സിനിമയുടെ ദൃശ്യഭാഷ വെളിപ്പെടുത്തുന്നു.

## കുറിപ്പുകൾ

1. വാരിക്കുഴി, സിനിമയുടെ തിരക്കഥാരൂപം പരിശോധിച്ചു നോക്കുക. "മാധവൻകുട്ടിനടക്കുന്നു. ആനപ്പന്തിക്കടുത്തെത്തിയമാധവൻകുട്ടി. ക്ഷീണിതനായി മാധവൻകുട്ടി പന്തിയുടെ തടിമരത്തിൽ പിടിച്ചു നിൽക്കുന്നു. മനുഷ്യന്റെ ഭേദ്യങ്ങൾ മുഴുവൻ ഏറ്റു തളർന്ന, ബന്ധനസ്ഥനായ ആനക്കുട്ടി അപരിചിതനെ നോക്കുന്നു. മാധവൻ കുട്ടി പന്തിയുടെ അഴി തുറക്കുന്നു. തുറന്ന വാതിൽ. അതിലൂടെ സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറന്നു കണ്ട് അമ്പരന്നു നിൽക്കുന്ന ആന. മാധവൻകുട്ടി :രക്ഷപെ ട്ടോ, വേണമെങ്കിൽരക്ഷപെട്ടോ. പന്തിയുടെ തുറന്ന വാതിൽ. പന്തിയുടെ അഴികൾക്കിടയിലൂടെ സ്വാതന്ത്ര്യത്തിന്റെ വിശാലഭൂമി. മാധവൻകുട്ടി നിശ്ശബ്ദമായി ആനയോട്, രക്ഷപെടാൻ ആജ്ഞാ പിക്കുന്നു. ആന അനങ്ങുന്നില്ല. ഹതാശനായ മാധവൻകുട്ടി തിരികെ നടക്കുന്നു. സ്വാതന്ത്ര്യത്തിലേ ക്കുള്ള വാതിൽ തുറന്നിട്ട് നിസ്സഹായനായി, ക്ഷീണിതനായി, പുറത്തേക്കു കടക്കാതെ നിൽക്കുന്ന കൊമ്പൻ "(എം. ടി. വാസുദേവൻ നായർ, 2001:164)
2. ദൃശ്യകാവ്യങ്ങളിൽ പോലും ആവിഷ്കരിക്കുന്ന ജീവിതം ജീവിതമായി തോന്നണമെങ്കിൽ ക്രിയാ ത്മകമാവണം കഥയെന്നുണ്ട്. ശാകുന്തളവും ഉത്തരരാമചരിതവും തമ്മിലുള്ള അന്തരം യഥാർത്ഥ ത്തിൽ ക്രിയാത്മകതയുടെ പേരിലാണ്. ഒന്നാമങ്കത്തിൽ രാമായണ കഥ മുക്കാലെ മുണ്ടാണിയും ചിത്രദർശനം എന്ന ടെക്നിക്കിലൂടെ അവതരിപ്പിച്ചിരിക്കുകയാണല്ലോ ഭവഭൂതി. അരങ്ങത്ത് ആ കഥാഭാഗം ഒട്ടും ശോഭിക്കാതെ പോവുകയാണ്. ശാകുന്തളത്തിൽ ആകട്ടെ പൂർവ്വ കഥാപ്രതിപാദക ങ്ങളായ അങ്കങ്ങൾ മൂന്നും ക്രിയാത്മകങ്ങളാണ്; അഭിനയത്തിൽ നല്ലപോലെ ശോഭിക്കുന്നവയും. ഭവഭൂതിയെ അപേക്ഷിച്ച് നാടകീയ ക്രിയ വൈചിത്ര്യത്തിൽ കൂടുതൽ അവഹിത ബുദ്ധിയായ കാളിദാസനെ ഭാസനുമായി തട്ടിച്ചു നോക്കിയാൽ ഭാസനാണ് ഏതു കഥയെയും നാടകീയമാ യി അവതരിപ്പിക്കുന്നതിൽ കൂടുതൽ വിജയിച്ചിട്ടുള്ളത് എന്നു കാണാം. ദൃശ്യേതര കാവ്യങ്ങളിൽ കഥാപാത്രങ്ങളെയും സംഭവങ്ങളെയും കഴിയുന്നിടത്തോളം നാടകീയ ശൈലിയിൽ വേണം ആവിഷ്കരിക്കുക എന്നു സിദ്ധാന്തിക്കുമ്പോൾ ഊന്നുന്നതും ഇതേ മർമ്മത്തിൽ തന്നെയാണ്-ക്രി യാത്മകതയിൽ. ജീവിതമെന്നു വെച്ചാൽ ഏറ്റവും ചുരുക്കത്തിൽ ചലനം, സ്വദേശമായ ചലനം എന്നാണർത്ഥം. അതിനെ തന്നെ നാടകീയമാക്കുക എന്ന് വെച്ചാലോ സംഘട്ടനാത്മകമാക്കുക എന്നും. (ജോസഫ് മുണ്ടശേരി, നാടകാന്തം കവിത്വം:2018:645)

## സഹായക ഗ്രന്ഥങ്ങൾ


1 നാരായണൻ, അജു കെ ചെറി ജേക്കബ് കെ, (2012), പലവക സംസ്കാര പഠനങ്ങൾ, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

2 ദിവാകരൻ, ആർ. വി. എം, (2017), സിനിമയുടെ കാവ്യശബ്ദം, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

3 ഗോപാലകൃഷ്ണൻ, അടൂർ, (2007), സിനിമ സാഹിത്യം ജീവിതം, തൃശ്ശൂർ: കറന്റ് ബുക്ക്സ്.

4 ഗോപാലകൃഷ്ണൻ, അടൂർ, (2014), സിനിമയുടെലോകം, തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

5 നാരായണൻ, കൽപ്പറ്റ, (2011), നിഴലാട്ടം:ഒരു ചലച്ചിത്രപ്രേക്ഷകന്റെ ആത്മകഥ, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

6 വെങ്കിടേശ്വരൻ, സി. എസ്, (2011), മലയാള സിനിമാ പഠനങ്ങൾ, കോട്ടയം: ഡി. സി ബുക്ക്സ്,

7 രവിവർമ്മ, മങ്കട, (2015), ചിത്രം ചലച്ചിത്രം, തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

8 രാജകൃഷ്ണൻ, വി., (1992), കാഴ്ച്ചയുടെ അശാന്തി, , തിരുവനന്തപുരം: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

9 പിള്ള, ആർ. എസ്. , (1992), ചലച്ചിത്ര ചിന്ത, തിരുവനന്തപുരം: കേരള ഫിലിം ക്രിട്ടിക് അസോസിയേഷൻ.

10 സുരേഷ്, എ. പി., (2000), കാഴ്ച്ചയുടെ കല, കോട്ടയം: സാഹിത്യ പ്രവർത്തക സംഘം.

11 Metz, Christian, (1984), The imaginary signifier, USA: Indiana University Press.

12 Monaco, James, (2009), How to read a film, New York: Oxford.

13 Wollen, Peter, ( 1997), Sign And Meaning In The Cinema, London: BFI Publishing.

14 Field, Syed, (1984), screenplay, the foundation of screenwriting, New York: Dell publishing Co.



ISSN: 2582 - 2594

# കത്തുകളുടെ സാഹിത്യ മൂല്യം: അഷിതയുടെ കത്തുകളെ ആധാരമാക്കി ഒരു പഠനം

**ഡോ. എം. രാമചന്ദ്രൻപിള്ള**
അസി. പ്രൊഫസർ
ഗവ. സംസ്കൃത കോളേജ്
തിരുവനന്തപുരം
Email: ramakripa72@gmail.com

**സംഗ്രഹം**

വായനാവിഭവം എന്ന നിലയിൽ പ്രസിദ്ധീകരിക്കപ്പെടുന്നവയാണ് കത്തുകൾ. എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ബന്ധവും ഇരുവരുടെയും നിലവാരവും കത്തുകളുടെ ഉള്ളടക്കത്തെയും സ്വഭാവത്തെയും നിയന്ത്രിക്കും. രണ്ടു വ്യക്തികൾക്കിടയിലുള്ള സ്വകാര്യ വിനിമയമായിരിക്കെത്തന്നെ അവ ഒരു വലിയ സമൂഹത്തെ ആകർഷിക്കുന്ന രചനാരൂപവും ആയിത്തീരാറുണ്ട്. ആ നിലയ്ക്ക് സാധ്യതയുള്ള കത്തുകളാണ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നത്. മലയാളത്തിൽ സാഹിത്യമൂല്യമുള്ള കത്തുകൾ പുസ്തക രൂപത്തിൽ പുറത്തുവന്നിട്ടുണ്ട്. അഷിതയുടെ കത്തുകളെ ആധാരമാക്കി കത്തുകളുടെ സാഹിത്യ മൂല്യത്തെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ :** രൂപഘടന, ചരിത്രരേഖ, ആത്മഭാവം, സൗന്ദര്യദൃഷ്ടി, സംവിധാനഭംഗി.

സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചകളിൽ നിരന്തരമായി ഇടവിട്ട് കടന്നുവന്നിട്ടുള്ള ഒന്നാണ് അതിന്റെ രൂപത്തെയോ ഘടനയെയോ കുറിച്ചുള്ള നിരീക്ഷണങ്ങൾ. സാഹിത്യത്തിന് നിർവ്വഹിക്കാനുള്ള ധർമ്മങ്ങൾ എന്ത് എന്ന അന്വേഷണങ്ങൾക്കും നിരന്തരപരിണാമങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ ധർമ്മങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനെക്കാളധികം കൃതികൾ ശ്രദ്ധവയ്ക്കേണ്ടത് അവയ്ക്ക് അനുവദനീയമായ രൂപഘടനയിൽ ഉള്ളടങ്ങാനായിരിക്കണം എന്ന വാദത്തിന് സാഹിത്യചരിത്രത്തിൽ ചിലപ്പോഴെങ്കിലും മേൽക്കൈ കിട്ടുന്നത് കാണാം. 'ലക്ഷണമൊപ്പിക്കാ'നുള്ള ഈ ശ്രമങ്ങൾക്കിടയിൽ കൃതി അതിന്റെ അടിസ്ഥാന ധർമ്മങ്ങൾക്ക് അടുത്തെങ്ങും എത്താതെ പോകുന്ന ദുരന്തത്തിന് മലയാളത്തിലും ഉദാഹരണങ്ങൾ സുലഭമാണ്.

നമ്മുടെ പ്രാചീന സാഹിത്യരൂപങ്ങൾക്ക് നിയതമായ ലക്ഷണങ്ങൾ കാവ്യശാസ്ത്രകാരന്മാർ നല്കിയിട്ടുണ്ട്. നാടകം, ആട്ടക്കഥ, ചമ്പു, സന്ദേശകാവ്യം മുതലായ പ്രധാന സാഹിത്യരൂപങ്ങൾ ഈ ലക്ഷണ നിർവ്വചനങ്ങളെ കർശനമായി പിൻതുടർന്നവയാണ്. ലക്ഷണ ശാസ്ത്രഗ്രന്ഥങ്ങളെ അനുസരിക്കുന്നതോടൊപ്പം മുൻ കാല കൃതികളെ - അവയിലെ ഭാഷ, വർണ്ണ്യവസ്തുക്കൾ, അലങ്കാരപ്രയോഗങ്ങൾ മുതലായവ സഹിതം - അപ്പടി അനുകരിക്കാനും പിൻഗാമികൾ തയ്യാറായി. ഈ അനുകരണങ്ങൾ ഭൂരിപക്ഷവും ഔചിത്യദീക്ഷയില്ലാത്തവ ആയിരുന്നു.

കാവ്യകലാ നിയമാവലികളൊന്നും ഉരുത്തിരിഞ്ഞിട്ടില്ലാത്ത പ്രാരംഭഘട്ടത്തിൽ നിയതമായ ലക്ഷണങ്ങളൊന്നും സാഹിത്യം ഉൾപ്പെടെയുള്ള കലകളെ നിയന്ത്രിക്കാനില്ലായിരുന്നു. മനുഷ്യമനസ്സിനെ ആനന്ദിപ്പിക്കുകയോ ആശ്വസിപ്പിക്കുകയോ വികാരം കൊള്ളിക്കുകയോ ചെയ്യുന്ന എന്തിനും അതിന്റെ രൂപപരമായ പരാധീനതകളില്ലാതെ കലാധർമ്മം നിറവേറ്റാനായിരുന്നു. പിന്നീട് കാവ്യശാസ്ത്രഗ്രന്ഥങ്ങൾ നിർദ്ദേശിച്ച ലക്ഷണങ്ങൾ പാലിച്ചുണ്ടായ പല രൂപങ്ങൾക്കും പില്ക്കാലത്ത് വംശനാശം സംഭവിക്കുകയോ പുതിയ രൂപങ്ങളിലേക്ക് പരകായ പ്രവേശം സാധിക്കുകയോ ചെയ്തു. പല കാലങ്ങളിലും സഹൃദയസമൂഹം സ്വീകരിച്ച കൃതികൾ അവയുടെ രൂപപരമായ നിശിതനിയമങ്ങളെ തിരസ്കരിച്ചവയായിരുന്നു. ചിന്തയെയോ വികാരത്തെയോ സൗന്ദര്യാനുഭൂതിയെയോ ഉണർത്തുന്നവ എന്ന നിലയിൽ കത്ത് എന്ന രചനാരൂപത്തിന്റെ സാഹിത്യമൂല്യം ചർച്ചചെയ്യപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്.

**ചരിത്രമൂല്യം**

രാജഭരണകാലത്തെ സന്ദേശങ്ങളിലും വിളംബരങ്ങളിലും കത്തുകളുടെ പ്രാഗ്‌രൂപങ്ങൾ കാണാൻ കഴിയും. ചരിത്രത്തിൽ പ്രസിദ്ധമായ പ്രസംഗങ്ങളും അഭിമുഖങ്ങളും ഡയറിക്കുറിപ്പുകളും പോലെ പ്രസിദ്ധമായ കത്തുകളും ഉണ്ടായിട്ടുണ്ട്. ഒരച്ഛൻ മകൾക്കയച്ച കത്തുകളും (ജവഹർലാൽ നെഹ്റു) ഒരച്ഛൻ അധ്യാപകനയച്ച കത്തുകളും (എബ്രഹാം ലിങ്കൺ) ലോകത്തിൽ ഏറ്റവും വില്ക്കപ്പെടുന്ന പുസ്തകങ്ങളുടെ രൂപത്തിൽ പുറത്തു വന്നു. സമയത്തിന് അതീവ മൂല്യം നല്കിയിരുന്ന ഗാന്ധിജി കത്തുകൾ എഴുതാനും കൃത്യമായി മറുപടികൾ അയയ്ക്കാനും സമയം കണ്ടെത്തിയിരുന്നു. ജയിലുകളിൽ കഴിയുമ്പോഴും അല്ലാത്തപ്പോഴും അദ്ദേഹം ഇത് മുടക്കാറില്ലായിരുന്നു. ഹിറ്റ്ലർ, മുസ്സോളിനി, ബ്രിട്ടീഷ് ഭരണാധികാരികൾ, ടോൾസ്റ്റോയ്, ഐൻസ്റ്റൈൻ, ടാഗോർ തുടങ്ങി അതിപ്രശസ്തർക്കു മുതൽ ഏതെങ്കിലും ഇന്ത്യൻ ഗ്രാമത്തിലെ കുട്ടികൾക്കു വരെ അദ്ദേഹം കത്തുകളെഴുതിയിരുന്നു. ഗാന്ധിജിയുടെ വ്യക്തിസത്തയെയും വീക്ഷണങ്ങളെയും കുറിച്ച് അറിവ് നല്കുന്നവ എന്ന നിലയിൽ അവ ഇന്ന് ചരിത്രരേഖകളാണ്.

ഗാന്ധിജി ഒരു ഉദാഹരണം മാത്രമാണ്. ഏതൊരു വ്യക്തിയുടെയും ജീവിത - ലോക വീക്ഷണങ്ങളെയും വ്യക്തിത്വത്തെയും കുറിച്ചറിയാൻ അയാളുടെ കത്തുകൾ പോലെ വിശ്വസനീയമായി ആശ്രയിക്കാവുന്ന മറ്റൊരു രേഖയില്ല. പ്രസിദ്ധീകരിക്കൽ എന്ന ഉദ്ദേശ്യമില്ലാതെ തികച്ചും സ്വകാര്യമായി എഴുതപ്പെടുന്നവയാണ് കത്തുകൾ. സ്വാഭാവികതയും ആത്മഭാവവും അവയിൽ മറ്റേതൊരു രചനയെക്കാളും ഏറിയിരിക്കും. അതിനാൽ ജീവചരിത്ര രചനക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാവുന്ന - ഉപയോഗിക്കപ്പെടുന്ന ഒരു ഉപാദാന സാമഗ്രിയാണ് കത്തുകൾ. സാഹിത്യകാരന് സാഹിത്യരചന 'കടലാസിന്റെ മുന്നിലിരുന്ന് ചോര വാർക്കലാ

 ISSN: 2582 - 2594

ണ്'' (ഹെമിങ്‌വേ )എന്നും 'അവനവനെ ഇറക്കി വയ്ക്കലാണ്'' (ബഷീർ)എന്നും പല തരത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം വ്യക്തിസത്തയെ വാക്കുകളിൽ നിരത്തിവയ്ക്കുന്ന ഈ വിദ്യ തന്നെയാണ് കത്തുകളും നിർവ്വഹിക്കുന്നത്. ആ നിലക്ക് അവയുടെ സാഹിത്യ മൂല്യം അവയുടെ രചയിതാവിന്റെ മറ്റു കൃതികൾക്കൊപ്പം പ്രാധാന്യത്തോടെ പഠന വിധേയമാക്കേണ്ടതാണ്. പ്രശസ്ത കഥാകാരി അഷിതയുടെ തെരഞ്ഞെടുത്ത കത്തുകളെ ഈ വീക്ഷണകോണിലൂടെ വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

### പ്രസിദ്ധീകരിച്ച കത്തുകൾ – ഒരു സാഹിത്യരൂപം :

ലോകത്തിലെ മികച്ച എഴുത്തുകാരുടെ കത്തുകൾ അവരുടെ കൃതികൾക്കൊപ്പം പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെടുകയും വായിക്കപ്പെടുകയും പഠിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ദസ്തയേവ്സ്കി, ടോൾസ്റ്റോയ്, കാഫ്ക, മോപ്പസാങ്ങ് തുടങ്ങി ലോക പ്രശസ്തരായ പല എഴുത്തുകാരുടെയും പുസ്തക രൂപത്തിൽ വന്ന കത്തുകൾ അവരുടെ സാഹിത്യകൃതികൾ പോലെ ബസ്റ്റ്സെല്ലറുകളാണ്. അവ പല ലോക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുകയും വായിക്കപ്പെടുകയും ചെയ്യുന്നു. മലയാളത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പദ്യത്തിലെഴുതിയ കത്തുകൾ മാത്രം പതിനായിരത്തോളം വരും. അന്തർജ്ജനം ബഷീറിനയച്ച കത്തുകൾ, ജി. വക്കം അബ്ദുൾ ഖാദറിനയച്ച കത്തുകൾ, എസ്. ഗുപ്തൻ നായർക്കുള്ള കത്തുകൾ തുടങ്ങി പ്രസിദ്ധീകൃതമായ കത്തുകൾ വായിക്കപ്പെടുന്ന ഒരു ഗ്രന്ഥരൂപമാണ്.

1956-ൽ ജനിച്ച് 2019-ൽ മരണമടഞ്ഞ അഷിതയുടെ സാഹിത്യ സംഭാവനകൾ ചെറുകഥ, കവിത, വിവർത്തനം എന്നീ മേഖലകളിലാണ്. ഈ വിഭാഗങ്ങളിലെ രചനകളിലൊന്നും പൂർണമായി അനാവൃതമാകാത്ത ബാല്യ കൗമാരങ്ങളിലെ അവിശ്വസനീയവും വേദനാജനകവുമായ ജീവിതാനുഭവങ്ങൾ ജീവിതാവസാന കാലത്ത് ശിഹാബുദീൻ പൊയ്ത്തുംകടവുമായി നടത്തിയ സാമാന്യം ദീർഘമായ അഭിമുഖ സംഭാഷണത്തിലൂടെയാണ് പുറത്തുവന്നത്. 'അത് ഞാനായിരുന്നു' എന്ന പേരിൽ ആ അഭിമുഖം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എഴുത്തുകാരി പിന്നിട്ട ജീവിതാനുഭവങ്ങളുടെ തീഷ്ണതകൾ അവരുടെ മരണത്തോടടുത്ത കാലത്താണ് വായനാ സമൂഹം അറിഞ്ഞത്. അതിനു മുമ്പ് പലർക്കായി അഷിത അയച്ച കത്തുകൾ 2015-ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടപ്പോഴാണ് അവരുടെ വ്യക്തി ജീവിതം വായനക്കാരുടെ മുന്നിലെത്തുന്നത്. തന്റെ വീക്ഷണങ്ങളുടെയും അഭിരുചികളുടെയും പ്രതീക്ഷകളുടെയും പ്രത്യാശകളുടെയും സ്വകാര്യ കൗതുകങ്ങളുടെയും തുറന്നെഴുത്തായി ഈ കത്തുകൾ മാറുന്നുണ്ട്. ഒപ്പം മനോഹരങ്ങളായ സൗന്ദര്യ സൃഷ്ടികളായും.

### ആത്മകഥയുടെ അടരുകൾ :

വൈവിധ്യങ്ങളുള്ള അനുഭവങ്ങളിലൂടെ കടന്നുപോയ ഒരു ജീവിതമായിരുന്നു അഷിതയുടേത്. ബാല്യത്തിൽ അനുഭവിച്ച ഏകാന്തതയും അവഗണനയും. എഴുതിത്തുടങ്ങിയ കാലത്ത് അതിന്റെ പേരിൽ സ്വന്തം വീട്ടിൽ നിന്നു തന്നെ നേരിട്ട പരിഹാസങ്ങൾ. അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള ശ്രമങ്ങളും പീഡനങ്ങളും. കുട്ടിക്കാലത്ത് പിതാവിന്റെ ജോലിയുടെ ഭാഗമായി ഡൽഹി, ബോംബെ മുതലായ ഉത്തരേന്ത്യൻ നഗരങ്ങളിൽ അനുഭവിക്കേണ്ടി വന്ന വിരസമായ ഏകാന്തവാസങ്ങൾ. വളരെക്കുറച്ച് സൗഹൃദങ്ങളോ മാനസികൈക്യങ്ങ

ളോ ഉണ്ടായിരുന്നിട്ടും ഗുരു നിത്യ ചൈതന്യയതി, മാധവിക്കുട്ടി മുതലായവരോടുണ്ടായിരുന്ന സമാനതകളില്ലാത്ത ഐക്യപ്പെടൽ. അതിനുള്ളിലും നിലനിർത്തിയിരുന്ന വിയോജിപ്പിനുള്ള സർവ്വസ്വാതന്ത്ര്യങ്ങൾ. ഭർത്താവിനോടും മകളോടും ഉണ്ടായിരുന്ന വൈകാരികമായ അടുപ്പങ്ങൾ. കാൻസർ രോഗബാധയുടെയും ചികിത്സയുടെയും നീണ്ട വർഷങ്ങൾ. സാധാരണ മനുഷ്യന്റെ എല്ലാ വിധ പ്രകടനപരതകൾക്കും നേരേ ജീവിതത്തിലുടനീളം പുലർത്തിയിരുന്ന അസാമാന്യമായ നിസ്സംഗത. എല്ലാം മികച്ച ഒരു ആത്മകഥാ രചനയ്ക്ക് ആവശ്യത്തിലധികമാണ്. ഈ ജീവിതവഴികളെ വലിയ അളവിൽ അനാവൃതമാക്കുകയാണ് അഷിതയുടെ കത്തുകൾ. ആ നിലക്ക് അവ ആത്മകഥയുടെ ധർമ്മം കൂടി അനുഷ്ഠിക്കുന്നു. കത്തെഴുത്ത് ഒരു ആശ്വാസമോ അഭയമോ ആയിരുന്നു അഷിതക്ക്.

കഥകളിലല്ല കത്തുകളിലാണ് തന്റെ ആത്മാംശം തെളിമയോടെ ഉള്ളതെന്ന് എഴുത്തുകാരി തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാംഗ്ലൂരിൽ ഐ. ടി. കമ്പനിയിൽ ജോലി ചെയ്യുന്ന പ്രജിത നമ്പ്യാർക്ക് അഷിത എഴുതി: "കഥകൾ എഴുതാതിരുന്ന കാലത്ത് ഞാൻ കത്തുകളെഴുതി. കഥകളിൽ എന്നെ കണ്ടുപിടിക്കുക വിഷമമാണ്. പക്ഷേ കത്തുകളിൽ ഞാൻ പരിപൂർണമായും നിറയുന്നുണ്ട്. നിറഞ്ഞ് തുളുമ്പാറുമുണ്ട്. ചിലപ്പോൾ". തനിക്ക് പരിധികളും പരിമിതികളും ഇല്ലാതെ അനാവൃതമാകാനുള്ള ഇടങ്ങളാണ് കത്തുകൾ എന്ന് എഴുത്തുകാരി പലപ്പോഴും ആവർത്തിക്കുന്നുണ്ട്. കുട്ടികളുടെ ചിത്രകാരനായ വെങ്കിക്ക് എഴുതിയ കത്തുകളിലൊന്നിൽ എഴുതുന്നു: "ഞാനെന്ന എഴുത്തുകാരിയിൽ നിന്ന് കൊഴിയുന്നതാണ് എന്റെയീ കത്തുകൾ. Part of me. ഇവ മാറ്റിയാൽ കാണുന്ന അഷിത അപൂർണയായിരിക്കും".

കത്തുകൾ പുസ്തകരൂപത്തിലാക്കിയപ്പോൾ അതിനെഴുതിയ മുഖവുരയിൽ തന്റെ കത്തുകളിലെ നിറഞ്ഞ ആത്മാംശത്തെ എഴുത്തുകാരി തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. "കത്തുകൾ വെറും അക്ഷരങ്ങളെ മാത്രമല്ലല്ലോ വഹിക്കുന്നത്. അതെഴുതിയ ആളുടെ ഹൃദയം കൂടിയാണല്ലോ". മറ്റൊരിടത്ത് അവർ തുടരുന്നു: "ഇപ്പോൾ ഈ കത്തുകളാവട്ടെ, ഞാൻ എന്റെ നേർക്കു തന്നെ പിടിക്കുന്ന കണ്ണാടിയാണ്. കൗമാരം തൊട്ട് എഴുതിയ ഈ കത്തുകളിൽ എന്റെ പരിഭ്രമങ്ങളും ഒറ്റപ്പെടലും, ഭൂമി കാണാതെ വറ്റിയ കണ്ണീരും നോവുകളും സൂര്യനറിയാതെ വിടർന്ന ചിരിയും എല്ലാമുണ്ട്. ഒരാൾ നിങ്ങൾക്കിടയിൽ ഇങ്ങനെ ജീവിച്ചിരുന്നു". 'ഇതെന്റെ രക്തമാണിതെന്റെ മാംസമാണെടുത്തു കൊള്ളുക' എന്ന കവി വാക്യത്തെ പുസ്തകത്തിന്റെ മുഖക്കുറിയായി ചേർത്തതിന്റെയും സൂചന മറ്റൊന്നല്ല.

ഈ സൂചനകളെ അന്വർത്ഥമാക്കും വിധം പല കത്തുകളും ഉടനീളം എഴുത്തുകാരിയുടെ ആത്മാഖ്യാനമോ ആത്മഭാഷണമോ ആയി മാറുന്നുണ്ട്. അഭിനേത്രിയും സൈക്കോളജിസ്റ്റുമായിരുന്ന ടി. പാർവ്വതിയ്ക്കയച്ച ഒരു കത്ത് അവസാനിപ്പിച്ചു കൊണ്ട് അവർ എഴുതി: "ഒറ്റയ്ക്കിരുന്ന് മുഷിഞ്ഞ് ഞാൻ എന്നോടു തന്നെ പറഞ്ഞ വർത്തമാനമാണ് നിനക്കു കത്തായത്."

അച്ഛന്റെ ഔദ്യോഗികജീവിതത്തിന്റെ ഭാഗമായി കേരളം വിട്ട് ജീവിക്കേണ്ടി വന്ന കാലങ്ങളിലൂടെയാണ് അഷിതയുടെ കുട്ടിക്കാലം കടന്നുപോയത്. അക്കാലത്തെ ഒറ്റപ്പെടലും സങ്കടങ്ങളും അതിന്റെ തീവ്രതയും വൈകാരികതയും ചോർന്നുപോകാതെ കത്തുകളിൽ ചിലയിടത്ത് വിവരിക്കപ്പെടുന്നുണ്ട്. ഡൽഹിയിലെ തണുത്ത വെളുപ്പാൻകാലത്ത് കാറ്റിൽ പല്ലുകൾ കൂട്ടിയിടിച്ച് രണ്ടു കുപ്പികൾ ഇരുമ്പിന്റെ കൂട്ടിലിട്ട് പാലു വാങ്ങാൻ നടന്നു പോയിരു


ISSN: 2582 - 2594

ന്ന 'ഞാനെന്ന കുട്ടി'യെ എഴുത്തുകാരിയും സംവിധായികയുമായ ശ്രീബാല കെ. മേനോന് എഴുതുന്ന കത്തിൽ അഷിത ഓർമ്മിക്കുന്നുണ്ട്. തിരികെ മുറിയിലെത്തി തണുപ്പ് സഹിയാതെ ഒച്ചയില്ലാതെ കരയുമ്പോൾ ചേട്ടനും അനിയത്തിയും മൂടിപ്പുതച്ച് ഉറങ്ങുകയാവും. സഹോദരങ്ങളിൽ നിന്നും അച്ഛനമ്മമാരിൽ നിന്നു പോലും ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന ആ കാലത്തെക്കുറിച്ച് എഴുത്തുകാരി ജീവിതത്തിന്റെ അവസാന കാലത്ത് നല്കിയ ചില അഭിമുഖങ്ങളിൽ ഓർക്കുന്നുണ്ട്. ആ കാലത്തെ നീറുന്ന വേദനകളെ ഒതുക്കിവച്ച കത്ത് അവസാനിപ്പിച്ചു കൊണ്ട് അവർ എഴുതി: "ഞാൻ ഒറ്റയ്ക്ക് ഓർമകളുടെ കനലാട്ടം കണ്ടിരിക്കുന്നു. നിനക്കിത് ഊഹിക്കാൻ പോലും സാധിക്കില്ല. എന്താണെന്ന്. അതുകൊണ്ട് എന്റെ കുട്ടിത്തത്തെക്കുറിച്ച് പറയാതിരിക്കു. എനിക്കൊരു കുട്ടിക്കാലം ഇല്ലായിരുന്നു എന്നാണ് തോന്നുന്നത്".

മഹാരാജാസ് കോളേജിൽ പഠിച്ചിരുന്ന കാലം പല കത്തുകളിലും കടന്നുവരുന്നുണ്ട്. പ്രജിത നമ്പ്യാർക്കയച്ച കത്തിൽ എഴുതുന്നു: "മഹാരാജാസിൽ നിറയെ പ്രാവുകൾ ഉണ്ടായിരുന്നു. ക്ലാസ് നടക്കുമ്പോൾ അവയും വന്നിരിക്കും കേൾക്കാൻ. അതായിരുന്നു ചില ക്ലാസ്സുകളിൽ കയറാനുള്ള പ്രചോദനം. ലിറ്ററി ക്രിട്ടിസിസമാണ് എനിക്ക് ഏറ്റവും ഇഷ്ടമില്ലാതിരുന്ന പേപ്പർ. ദൈവം എന്തൊക്കെയായാലും അദ്ദേഹം ഒരു ക്രിട്ടിക് അല്ല എന്നെനിക്കുറപ്പാണ്. ഇതേ ആൾക്കയച്ച മറ്റൊരു കത്തിൽ "മഹാരാജാസിൽ ഞാനൊരു കൊച്ചു ലോകമുണ്ടാക്കി, അവിടെ ഞാൻ ഒരു പാട് സ്നേഹിക്കപ്പെട്ടു. മനസ്സിലാക്കപ്പെട്ടില്ലെങ്കിലും" എന്ന് എഴുതുന്നുണ്ട്. ക്ലാസ്സുകളിലും പുറത്തും അക്കാലത്ത് കാട്ടിയ കുറുമ്പുകളും കുസൃതികളും വിവരിക്കുന്ന ആ കത്ത് അവസാനിക്കുന്നത് "ആ അഷിതയെ കഥകളിലൊന്നും കാണുകയില്ല കേട്ടോ" എന്നു പറഞ്ഞു കൊണ്ടാണ്.

വളരെ കുറച്ച് സുഹൃത്തുക്കൾ മാത്രമുണ്ടായിരുന്നയാളാണ് അഷിത. അതിൽത്തന്നെ എഴുത്തുകാർ വളരെ കുറവ്. മാധവിക്കുട്ടി, ബാലചന്ദ്രൻ ചുള്ളിക്കാട്, ഗ്രേസി, പ്രിയ. എ. എസ്. തുടങ്ങിയവരോടുള്ള അടുപ്പം കത്തുകളിൽ പലയിടത്തും വ്യക്തമാവുന്നു. ടി. പാർവ്വതിയ്ക്കയച്ച ഒരു കത്തിൽ എഴുതുന്നു: "എഴുത്തിന്റെ ലോകത്ത് എതിർ ദിശയിൽ നടന്നവരാണ് ഞാനും മാധവിക്കുട്ടിയും. മാധവിക്കുട്ടി സ്നേഹത്തിന്റെ പുറകേ അലഞ്ഞു. ഞാൻ സത്യത്തിന്റെയും." അതേ കത്തിൽ മറ്റൊരിടത്ത്: "മാധവിക്കുട്ടിയാണ് എന്നെ മൂക്കുത്തി ഇടുവിച്ചത്. പിന്നാലെ നടന്നു നടന്ന് പറഞ്ഞു പറഞ്ഞ് - ഇത് അവരുടെ അടയാളമാണ്, സമ്മാനമാണ്" എന്ന് തുടരുന്നു. "ടീച്ചർക്ക് ഇപ്പോ ബോധ്യമായില്ലേ, മാധവിക്കുട്ടിക്ക് എന്നെക്കാൾ കിറുക്കുണ്ട്. അതാണ് അവർ എന്നെക്കാൾ നന്നായെഴുതുന്നത് എന്ന്?" എന്നും മറ്റൊരു കത്തിലെഴുതുന്നു (ആർട്സ് കോളേജ് റിട്ട. പ്രിൻസിപ്പാൾ ശാന്തകുമാരി ടീച്ചർക്കെഴുതിയത്).

എഴുത്തുകാരിയായ ഷാഹിന. ഇ.കെ.യ്ക്ക് എഴുതിയ കത്തിലെ "ബാലചന്ദ്രൻ ചുള്ളിക്കാട് ഈയിടെ വിളിച്ചു. ബാലന് രണ്ടു വലിയ ഹാർട്ട് അറ്റാക്കുകൾ കഴിഞ്ഞു. ഇനിയൊന്നിനു മുമ്പായി യാത്ര പറയാൻ വിളിച്ചതാണ്. ഫോണിൽ ഞങ്ങൾ ഏറെ നേരം നിശ്ശബ്ദരായി. പത്തു പതിനെട്ട് വയസ്സു മുതൽ കാണുന്നതാണ് ബാലനെ", എന്ന വരികളിൽ കവി ബാലചന്ദ്രൻ ചുള്ളിക്കാടുമായുള്ള അടുപ്പം വ്യക്തമാവുന്നു. കഥാകൃത്ത് ഗ്രേസിയുടെ മകൾ അപർണയ്ക്കെഴുതിയ കത്തിൽ എഴുത്തുകാരി പ്രിയ എ. എസ്. നെക്കുറിച്ച് എഴുതുന്നു: " അവൾ എന്റെ കുട്ടിയല്ലേ. നിർഭയം, നിർലജ്ജം, എന്നെ സ്നേഹിക്കുന്നുവെന്ന് ഉറക്കെ വിളിച്ചു പറയുന്ന ലോകത്തിലെ

ഒരേയൊരാൾ!"

കാൻസർ രോഗം ബാധിച്ച കാലത്തെയും അതിന്റെ വേദനാകരമായ ചികിത്സയെയും കുറിച്ച് അഷിത ചില കത്തുകളിൽ നിസംഗമായി എഴുതുന്നുണ്ട്. വെങ്കിക്ക് എഴുതുന്ന ഒരു കത്തിൽ, "മരണമൂകതയാണ് കാൻസർ വാർഡിൽ. യുദ്ധം നയിക്കുന്ന കേണലിനെപ്പോലെയാണ് ഞാൻ കയറിച്ചെല്ലുക. പുറത്ത് ഭർത്താവും മകളും. അകത്തേക്ക് മാർച്ച് ചെയ്ത് കയറുമ്പോൾ ഞാനവരുടെ മുഖം നോക്കുകയില്ല. എന്റെ ധൈര്യമായിരുന്നല്ലോ അവരുടെ ധൈര്യം. അന്വേഷിക്കാൻ സുഹൃത്തുക്കളോ സഹോദരങ്ങളോ ഇല്ലാത്ത കാലം. മരിക്കാറായോ എന്ന് വളരെ സമർത്ഥമായി അന്വേഷിച്ച പബ്ലിഷർ. ഇവരെയൊക്കെ സ്മരിച്ചാണ് യുദ്ധമുഖത്തേക്കുള്ള പുറപ്പാട്", എന്ന് ആ കാലത്തിന്റെ ദയയില്ലായ്മയെ അവർ എഴുതുന്നു. ചികിത്സയുടെ ഭാഗമായി ഒരു കയ്യിൽ മാരകവിഷം (മരുന്ന്) കയറ്റുമ്പോൾ മറുകൈ കൊണ്ട് മൊബൈലിൽ ഹൈക്കു കവിതകൾ ടൈപ്പ് ചെയ്തിരുന്നു എന്ന് ഓർമ്മിക്കുന്ന ആ കത്തിൽ മറ്റൊരിടത്ത് എഴുതുന്നു: "ആരുമില്ലാത്തപ്പോൾ എന്റെ കണ്ണ് നനഞ്ഞിട്ടുണ്ട്. സത്യമാണത്. പക്ഷേ അതു മറ്റുള്ളവരെ നനയിച്ചിട്ടില്ല. എന്റെ യാതന കണ്ടു മകൾ മുകളിൽ പോയി കരഞ്ഞിട്ടു വരുമായിരുന്നു."

അഷിതയുടെ ആത്മഭാവത്തിൽ ഈശ്വരോന്മുഖത അലിഞ്ഞുചേർന്നിരിക്കുന്നു. ആരാധിക്കാനല്ല, അടുത്തിരുത്താനുള്ള, അണച്ചുപിടിക്കാനുള്ള പ്രണയികൂടിയാണ് ദൈവം അഷിതക്ക്. ഗുരു നിത്യചൈതന്യയതിയോടുള്ള അളക്കാനാവാത്ത ആത്മൈക്യം അഷിതക്ക് ദൈവത്തെയും ജീവിതത്തെയും കുറിച്ച് നല്കിയ ഉൾക്കാഴ്ചകൾ കത്തുകളിലുടനീളം കടന്നുവരുന്നുണ്ട്. ഈ ഉൾക്കാഴ്ചകളും ആത്മഭാവവും അവർ പങ്കുവയ്ക്കുന്നത് മനസ്സിനോട് ഏറ്റവും അടുപ്പമുള്ളവർക്ക് എഴുതുമ്പോഴാണ്. കഥാകൃത്ത് ഗ്രേസി അങ്ങനെ ഒരു സുഹൃത്തായിരുന്നു എന്നതിന് അവർക്കയച്ച ചില കത്തുകൾ തെളിവാണ്. ഒരു കത്തിൽ അഷിത എഴുതുന്നു: "ഇത്രയും നാൾ എവിടെയായിരുന്നു, ഗ്രേസി? എനിക്കു കത്തു വന്നിട്ട് രണ്ടു വർഷമായി. മറുപടി വന്നില്ലെങ്കിൽ ഇങ്ങനെ കാത്തിരിക്കരുത്. എപ്പോഴും പിടിച്ചു കുലുക്കി ഉണർത്തി മറുപടി മേടിക്കണം. ഞാൻ ഈശ്വരനോടും അങ്ങനെയാണ്." മറ്റൊരു കത്തിൽ: "നമ്മൾ തമ്മിൽ വ്യത്യാസം ഒട്ടുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ എവിടെ അവസാനിക്കുന്നു, ഗ്രേസി എവിടെ തുടങ്ങുന്നുവെന്ന് എനിക്കറിഞ്ഞുകൂടാ", എന്ന് ഇരുവരിലെയും ഒരുമ കുറിക്കുന്നു. ഇനിയൊരു കത്തിൽ തന്റെ ഈശ്വരനെ : "ജീവിതത്തിന്റെ തിരക്കിൽ ശ്രദ്ധിച്ചാൽ ഈശ്വരന്റെ അടക്കിയ ചിരി കേൾക്കാം. വളരെ ചെറുപ്പത്തിലേ ഈശ്വരനുമായി പ്രേമത്തിലായ ഒരാളാണ് ഞാൻ. അതുകൊണ്ട് എത്ര ഒതുക്കിയാലും അതു തുളുമ്പിത്തുവിപ്പോകും. " ഈശ്വരൻ എന്ന ഉണ്മയിൽ ചേർന്നലിഞ്ഞ് ഇല്ലാതാകുന്നതാണ് പ്രാർത്ഥനയും ജീവിതവും എന്ന സ്വന്തം വിശ്വാസത്തെ അവർ ചില കത്തുകളിലെഴുതി. പാർവ്വതിയ്ക്കെഴുതിയ പല കത്തുകളിലും പൂർണമായും ഇത്തരം കാര്യങ്ങളാണ്. ഒരു കത്തിൽ അവർ എഴുതുന്നു: "ഒറ്റയ്ക്കിരിക്കുമ്പോൾ എതിരേ ദൈവം വന്നിരിക്കും. അഗാധമായ മൗനത്തിൽ ഞങ്ങൾ കൈകോർക്കും. നഷ്ടമായതെല്ലാം എന്നിൽ വീണ്ടും പൂക്കും." സന്യാസം എന്നത് വീടോ മറ്റ് സ്വത്തുക്കളോ ഉപേക്ഷിക്കലല്ല. ഞാൻ എന്ന ബോധം ഉപേക്ഷിക്കലാണ്. ഇതേ കാര്യം കൃഷ്ണമൂർത്തിയെയും റേയെയും ഉദ്ധരിച്ചു കൊണ്ട് ജയരാജ് എന്ന എഞ്ചിനിയറിങ് വിദ്യാർത്ഥിക്കെഴുതുന്നുണ്ട്. മറ്റൊരു കത്തിൽ ഷാഹിന ഇ.കെ.ക്ക് എഴുതുന്നു: "ഈ ലോകത്തിൽ ഒറ്റയ്ക്കാവുക എന്നൊന്നില്ല, ഒന്നായിത്തീരൽ മാത്രമേയുള്ളൂ. അത്

ഈശ്വരൻ പറഞ്ഞുതന്ന സ്വകാര്യമാണ്. ഇന്ന് ഒരു കുഞ്ഞിമേഘം കൂട്ടുണ്ടായിരുന്നു. മേഘത്തിലെഴുതി ചന്ദ്രന് ഞാനൊരു ഇ-മെയിൽ അയച്ചു. ashis56.pk@gmail.com."

ഒന്നുകൊണ്ടും മറ്റുള്ളവർക്ക് ശല്യമാവാതെ ജീവിച്ച് പോവുക എന്നും കഴിയുമെങ്കിൽ ഒരു തണലായി മാറുക എന്നും ഷാഹിനയ്ക്കെഴുതിയ ഒരു കത്തിൽ തെളിമയോടെ എഴുതുന്നു.

"ആകാശത്ത് പക്ഷി പറന്നുപോകുന്നതുപോലെ അടയാളങ്ങൾ ബാക്കിയാകാതെ വേണം ജീവിച്ചു കടന്നുപോകാൻ.

. . . . . . . . . . . .          . . . . . . . . . . . .

തൊടിയിൽ എന്തൊക്കെയുണ്ട് ? എനിക്ക് പൂച്ചെടികളെക്കാളിഷ്ടം വന്മരങ്ങളാണ്.

നല്ല തണൽ വേണം, വെയിലത്തു വരുന്നവർക്ക്.

പൂച്ചെടിയാകാതെ വന്മരമായി വളരൂ."

മഹാരാജാസ് കോളേജിൽ ഇംഗ്ലീഷ് പഠിപ്പിച്ച സുജാത ടീച്ചർക്കെഴുതുന്ന കത്തുകളിൽ സ്നേഹം കൊതിക്കുന്ന ഒരു കുഞ്ഞായി മാറുകയാണ് അഷിത. ഒരിടത്ത് എഴുതി: " ഞാനവിടെ ഉണ്ടായിരുന്നെങ്കിൽ എന്നെ ചേർത്തുപിടിച്ച് നെറുകയിലൊരുമ്മ തന്നേനെ, ഇല്ലേ, പറയൂ. " "ഒട്ടുമിക്കപ്പോഴും ജീവിതത്തിന്റെ മുമ്പിൽ ഒരു കാമുകിയുടെ വികാരവായ്പോടെ പെരുമാറുന്ന ഞാൻ I tease life as I tease you. എന്റെ പാവം ടീച്ചർ" എന്നും "എനിക്കു പരാതി പറയാൻ അമ്മയില്ലാത്തതുകൊണ്ട് എന്നെ ചീത്ത പറയരുത്. അനുഗ്രഹിക്കു. ഒരു important ആൾ ജീവിതത്തിൽ നിന്നു പോയപ്പോൾ ഒരാൾ കടന്നുവരികയാണ്" എന്നും അവർ ടീച്ചർക്കെഴുതുന്നുണ്ട്.

**കത്ത് – ഒരു വാങ്മയം:**

അഷിതയുടെ കത്തുകൾ ചിലപ്പോൾ അപൂർവ്വ സുന്ദരങ്ങളായ വാങ്മയങ്ങളായി മാറാറുണ്ട്. വാക്കുകളുടെ സംവിധാനഭംഗി കത്തുകളെ ചിലപ്പോൾ കവിതകളാക്കുന്നു. കാറ്റും മഴയും വെയിലും വസന്തവും ഹേമന്തവുമെല്ലാം അവിടെ സുന്ദരദൃശ്യങ്ങളാവുന്നു. പാർവതിയ്ക്കുള്ള ഒരു കത്തിൽ കാറ്റിനെക്കുറിച്ച് എഴുതുന്നു:

"ഒരു കാറ്റ് വീശീ നിന്റെ അമ്മേ വിളി പോലെ എന്തോ ഒന്നെന്നെ തൊട്ടു കടന്നുപോയി. ഒരു പൂവിനെ ഇറുത്തു നിലത്തിട്ട് അതിന്റെ ജന്മം തുലച്ച്, ആ കാറ്റ് അടുത്ത വീട്ടിലെ മാവു പിടിച്ച് കുലുക്കി ഒരില വീഴ്ത്തി, അവിടെത്തന്നെ തെങ്ങും ചാരി നില്പുണ്ട്."

സുജാത ടീച്ചർക്കയച്ച ഒരു കത്ത് അവസാനിപ്പിക്കുന്നതിങ്ങനെയാണ്: "ക്രിസ്മസ് ആണ്. മെഴുകുതിരികളില്ലാത്തതു കൊണ്ട് വാക്കുകൾ കൊളുത്തുകയാണ്. " പെരുമഴ പെയ്ത ഒരു ദിവസത്തെ ഷാഹിന ഇ.കെ.ക്ക് എഴുതിയ കത്തിൽ വരച്ചിടുന്നു:

"ഇന്ന് ആകാശവും ചോരുന്ന ദിവസം. ഞാൻ മഴയിലൂടെ നനഞ്ഞുവന്നു. വഴിയിൽ പൂക്കളും മരങ്ങളും നനഞ്ഞു കുതിർന്ന് പരിഭ്രമിക്കുന്നതു കണ്ടു. മഴ നനഞ്ഞ് പരിഭ്രമിച്ച് കാറ്റ് എന്നെ തള്ളി മാറ്റി ഓടിപ്പോയി."

**ഉപസംഹാരം:**

നവമാധ്യമങ്ങളുടെ പ്രചാരത്തിന് മുമ്പ് കത്തുകൾക്ക് നമ്മുടെ ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. ഒരു വ്യക്തി മറ്റൊരാൾക്കു വേണ്ടി മാത്രം നടത്തുന്ന രചനകളാണ് കത്തുകൾ.

എഴുതുന്നയാളും വായിക്കുന്നയാളും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമനുസരിച്ചായിരിക്കും കത്തിന്റെ ഉള്ളടക്കത്തിന്റെയും വൈവിധ്യങ്ങൾ. പുതിയതായോ വ്യത്യസ്തമായോ എന്തെങ്കിലും എഴുതാനുള്ളപ്പോൾ മാത്രമേ അഷിത കത്തുകളെഴുതിയിരുന്നുള്ളു എന്ന് അവരുടെ ഓരോ കത്തുകളും തെളിയിക്കുന്നു. ചിലർക്ക് ഉപദേശമായി, ചിലർക്ക് സാന്ത്വനമായി, ചിലരിൽ സാന്ത്വനം തേടി, ചിലർക്ക് വിജ്ഞാനദായകമായി അങ്ങനെ പലതുമായി ആ കത്തുകൾ മാറുന്നു. കവിയും കഥാകാരിയുമായ ഒരാളുടെ സൗന്ദര്യദൃഷ്ടിയും സംവിധാനമികവും അഷിതയുടെ കത്തുകളിലുണ്ട്. അതിന് പുറമെയാണ് എഴുത്തുകാരിയുടെ വ്യക്തിത്വത്തെ കുറിച്ച് ഈ കത്തുകൾ നല്കുന്ന വിവരങ്ങൾ. ആ നിലയ്ക്ക് ഒരു മികച്ച സാഹിത്യ വായനയുടെ അനുഭവമാണ് ഈ കത്തുകൾ നല്കുന്നത്.

### ഗ്രന്ഥസൂചി

1 അഷിത, (2017), അഷിതയുടെ കത്തുകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

2 അഷിത, (2019), അഷിതയുടെ കഥകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

3 അഷിത, (1987), വിസ്മയചിഹ്നങ്ങൾ, കോഴിക്കോട്: പി.കെ. ബ്രദേഴ്സ്.

4 ഗോപാലകൃഷ്ണൻ. എസ്. ഡോ., (2013), ഗാന്ധി ഒരു അർത്ഥനഗ്നവായന, കോട്ടയം: ഡി. സി. ബുക്സ്.

5 ഗുപ്തൻനായർ എസ്. പ്രൊഫ.,(2008), അസ്ഥിയുടെ പൂക്കൾ, കോട്ടയം: ഡി. സി. ബുക്സ്.

6 ജയലക്ഷ്മി പി. (വിവ),(2012), ദസ്തയേവ്സ്കി - ജീവിതം, ദർശനം, കത്തുകൾ, കോഴിക്കോട്: ഒലിവ്

7 താഹ മുത്താന (സമ്പാ ), (2007), വക്കം അബ്ദുൾഖാദറിന് ജി.യുടെ കത്തുകൾ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

8 സതീഷ് എൻ. പി. , (2015), സിൽവിയാ പ്ലാത്ത് - ജീവിതം, ഡയറി, കത്തുകൾ, കോഴിക്കോട്: ഒലിവ്.

9 സന്തോഷ്കുമാർ ഇ. (വിവ),(2004), യുവകവിക്കുള്ള കത്തുകൾ - റെയ്നർ മരിയ റിൽക്കേ, കോഴിക്കോട്: പാപ്പിയോൺ,


ISSN: 2582 - 2594

# പാഠപുസ്തകങ്ങളും ഫോക്‌ലോറും: പത്തൊമ്പതാം നൂറ്റാണ്ടിലെ നയസമീപനങ്ങൾ

**രൂപിമ എസ്**
ഗവേഷക, മലയാളവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
കാലടി
ഇമെയിൽ – revaaroopima@gmail.com

**സംഗ്രഹം**

കോളനിസമൂഹമെന്ന നിലയിൽ ഇന്ത്യയുടെ വിദ്യാഭ്യാസചരിത്രത്തിൽ പത്തൊമ്പതാംനൂറ്റാണ്ട് നിർണായകമായൊരു കാലഘട്ടമാണ്. ആധുനികവിദ്യാഭ്യാസം കോളനിസമൂഹത്തിൽ സ്ഥാപനപരമായി ഉറപ്പിച്ചെടുക്കുന്ന ഈ സന്ദർഭത്തിൽ പാശ്ചാത്യ അറിവുരൂപങ്ങളും തദ്ദേശീയവിജ്ഞാനവും മുഖാമുഖം നില്ക്കുന്നുണ്ട്. പാശ്ചാത്യലോകവീക്ഷണത്തെ ആധികാരികമായി സ്വീകരിച്ചുകൊണ്ട് അതിനെ സ്ഥാപിച്ചെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ വിദ്യാഭ്യാസ നയത്തിൽ പ്രകടമായിരുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം നാട്ടുവിജ്ഞാനത്തെ എങ്ങനെ കണ്ടു എന്ന ചോദ്യം സവിശേഷമായി ഉന്നയിക്കാവുന്ന ഒന്നാണ്. ഫോക്‌ലോറുകളെയും തദ്ദേശീയസാഹിത്യപാഠങ്ങളെയും പാശ്ചാത്യയുക്തിബോധത്തിനും, മതസങ്കല്പത്തിനും ഇണങ്ങുന്ന രീതിയിൽ ക്രമപ്പെടുത്തിക്കൊണ്ടാണ് പാഠപുസ്തകങ്ങളിൽ സ്വീകരിക്കപ്പെട്ടതെന്ന് വാദിക്കുകയാണ് ഈ പ്രബന്ധത്തിൽ

**താക്കോൽവാക്കുകൾ:** ഫോക്‌ലോർ, കൊളോണിയൽ വിദ്യാഭ്യാസം

## ആമുഖം

തദ്ദേശീയ വിദ്യാഭ്യാസസമ്പ്രദായങ്ങളിൽ നിന്ന് വ്യത്യസ്തമായി ആസൂത്രിതവും ഏകശിലാത്മകവുമായ പദ്ധതിയായിട്ടാണ് കോളനിസമൂഹങ്ങളിൽ ആധുനികവിദ്യാഭ്യാസം സ്ഥാപിക്കപ്പെടുന്നത്. അച്ചടിയുടെ സഹായത്തോടെ തദ്ദേശീയ ജനതയ്ക്കിടയിൽ നിലനിന്ന വാമൊഴിയിൽ അധിഷ്ഠിതമായ ജ്ഞാനവ്യവസ്ഥയെ പുസ്തകകേന്ദ്രിതമായി പുനഃക്രമീകരിച്ചുകൊണ്ടാണ് ഇതുറപ്പിച്ചെടുക്കുന്നതെന്നും കാണാം. കൊളോണിയൽ സർക്കാരിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു മുമ്പുതന്നെ വിവിധ പ്രവിശ്യകളിൽ പാശ്ചാത്യ ശാസ്ത്രവും അച്ചടിച്ച പാഠപുസ്തകങ്ങളും മിഷണറിവിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഭാഗമായി പ്രചരിക്കുന്നുണ്ടായിരുന്നു. എന്നാൽ സവിശേഷാർത്ഥത്തിൽ കൊളോണിയൽ മേല്നോട്ടവും നിയന്ത്രണവും സന്നിഹിതമായ പദ്ധതിയായിരുന്നു എന്നതുകൊണ്ടുതന്നെ കൊളോണിയൽ

വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മിഷണറി വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ നിന്ന് വേറിട്ട് അടയാളപ്പെടുത്തേണ്ടതുണ്ട്. വിവിധ വിദ്യാഭ്യാസകമ്മീഷനുകളുടെയും പരിഷ്കരണകമ്മിറ്റികളുടെയും നിരന്തരമായ ഇടപെടലുകളിലൂടെയാണ് ഈ കൊളോണിയൽ മേൽനോട്ടം നിർവ്വഹിക്കപ്പെട്ടത്. പാശ്ചാത്യശാസ്ത്രകേന്ദ്രിതമായ പാഠങ്ങളെ അടിസ്ഥാനമാക്കി കൊളോണിയൽ സർക്കാർ നേതൃത്ത്വത്തിൽ ആസൂത്രിതമായി സംഘടിപ്പിക്കപ്പെട്ട ഏകാത്മക സ്വഭാവവുമുള്ള മതേതര വിദ്യാഭ്യാസത്തെയാണ് ഇവിടെ ആധുനികവിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

കൊളോണിയൽ സർക്കാരിന്റെ നേതൃത്വത്തിലാവുന്നതോടെ, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും പഠനമാധ്യമം സംബന്ധിച്ചും വിപുലമായ ചർച്ചകൾ നടക്കുന്നുണ്ട്. പാശ്ചാത്യശാസ്ത്രപഠനത്തിനും പൗരസ്ത്യവിജ്ഞാനമാതൃകകളുടെ പഠനത്തിനും വേണ്ടിയുള്ള ഈ ചർച്ചകൾക്ക് ദീർഘകാലത്തെ തർക്കവിതർക്കങ്ങളുടെ ചരിത്രം അവകാശപ്പെടാനുണ്ട് (KUMAR, 2005). ഇതിന്റെ തുടർച്ചയിൽ പാശ്ചാത്യ അറിവ് നാട്ടുഭാഷയിൽ വിതരണം ചെയ്യാനുള്ള ആസൂത്രിതമായ ശ്രമങ്ങളുടെ ഫലമായിട്ടാണ് നാട്ടുഭാഷാമാധ്യമത്തിലുള്ള വിദ്യാലയങ്ങളുടെ രൂപീകരണവും നാട്ടുഭാഷാപാഠപുസ്തകങ്ങളുടെ നിർമ്മാണവും നടക്കുന്നത്. നാട്ടുഭാഷയിലുള്ള വിദ്യാഭ്യാസം എന്നതുപോലെ തന്നെ സുപ്രധാനമായി നാട്ടറിവുകളെയും നാട്ടുസാഹിത്യത്തെയും എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്ന കാര്യത്തിലും വ്യത്യസ്തമായ സമീപനങ്ങൾ ഈ ചർച്ചകളിൽ രൂപപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായി, പല ഘട്ടത്തിലും പാഠരൂപങ്ങളായി സ്വീകരിക്കപ്പെട്ട നാട്ടുസാഹിത്യവും നാട്ടുവിജ്ഞാനീയവും സൂക്ഷ്മപരിശോധനകൾക്ക് വിധേയമാകുന്നതായി കാണാം. പത്തൊമ്പതാം നൂറ്റാണ്ടിൽ ആധുനികശാസ്ത്രത്തിന്റെ യുക്തിസങ്കല്പങ്ങളോട് ഇണങ്ങിയോ ഇടഞ്ഞോ അതിജീവിക്കുകയോ അപ്രസക്തമാവുകയോ ചെയ്യുന്നതിലേക്ക് തദ്ദേശീയവിജ്ഞാനരൂപങ്ങൾ ചെന്നുപെട്ടു. ഈ വിഷയങ്ങളുടെ പാരമ്പര്യവഴിയിലുള്ള പഠനം പ്രതിസന്ധി നേരിട്ടു. എന്നതുപോലെ തന്നെ അവ ആധുനിക വിദ്യാഭ്യാസത്തിന്റെ വിഷയപരിധിയിലേക്ക് പൊതുവിഷയമായി ആധുനികീകരിക്കപ്പെട്ട നിലയിൽ സ്വീകാര്യത നേടുക എന്നതും പ്രയാസകരമായിരുന്നുവെന്ന് കാണാം. ആധുനികവിദ്യാഭ്യാസത്തിന്റെ പരിധിയിലേക്ക് ഫോക്‌ലോർ പാഠങ്ങളെ സമാഹരിക്കുന്നതിനായി നടന്ന പരിശോധനകളുടെയും തെരഞ്ഞെടുപ്പുകളുടെയും സ്വഭാവമെന്തായിരുന്നുവെന്ന അന്വേഷണം പത്തൊമ്പതാംനൂറ്റാണ്ടിലെ കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ നയസമീപനം വെളിപ്പെടുത്തുന്നതാണ്.

### മിഷണറി പാഠപുസ്തകങ്ങളും നാട്ടുവിജ്ഞാനീയവും

മദ്രാസ് പ്രവിശ്യയുടെ വിവിധ ഭാഗങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ വിവിധമിഷനുകളുടെ മേൽനോട്ടത്തിൽ നാട്ടുഭാഷയിലുള്ള വിദ്യാഭ്യാസപ്രവർത്തനം നടത്തുന്നുണ്ട്. സി എം എസ് മിഷണറിമാരുടേയും എൽ എം എസ് മിഷണറിമാരുടെയും രചനകളായ പാഠപുസ്തകങ്ങൾ ഇതിന്റെ ഭാഗമായി വിതരണം ചെയ്യപ്പെട്ടുവെന്നും കാണാം. 1813-ൽ തന്നെ റിംഗിൾടോംബിന്റെ സ്കൂളിൽ അച്ചടിച്ച പാഠപുസ്തകങ്ങൾ[1] വിതരണം ചെയ്യപ്പെട്ടിരുന്നു. ഗുണ്ടർട്ടിന്റെ പാഠാരംഭവും സി എം എസ്സിൽ നിന്നു തയ്യാറാക്കപ്പെട്ട പുസ്തകങ്ങളും തിരുവിതാംകൂർ പാഠപുസ്തകകമ്മിറ്റിയുടെ പാഠപുസ്തകങ്ങൾക്കു മുമ്പുതന്നെ പ്രചരിക്കുന്നുണ്ട്. ഗുണ്ടർട്ടിന്റേതുൾപ്പെടെയുള്ള പാഠമാതൃകകൾപില്ക്കാല പുസ്തകങ്ങളേക്കാൾ മലയാളഭാഷാപരി

ചയത്തിനായി നാട്ടറിവുകളെ കൂടുതലായി ആശ്രയിക്കുന്നുവെന്ന് മനസ്സിലാക്കാം. ഗുണ്ടർട്ടിന്റെ പാഠപുസ്തകത്തിലെ പഴഞ്ചൊല്ലുകളുടെ സമൃദ്ധമായ ഉപയോഗം ഇതിനുദാഹരണമാണ്. പഞ്ച തന്ത്രകഥകളും സമാനമാതൃകയിലുള്ള സൻമാർഗ്ഗകഥകളും ഗുണ്ടർട്ട് പാഠങ്ങളുടെ സവിശേ ഷതയാണ്. ഇത്തരത്തിൽ തദ്ദേശീയമായി പരിചയിച്ചുവന്ന നാട്ടുവിജ്ഞാനമാതൃകകളെയും പരിഗണിച്ചുകൊണ്ടാണ് ഗുണ്ടർട്ടിന്റെ പാഠനിർമ്മിതി. ഇങ്ങനെ നോക്കുമ്പോൾ, ഭാഷയുടെ ജീനിയസ്സ് അതിന്റെ അനുഭവമണ്ഡലത്തിൽ നിന്ന് തന്നെ സമാഹരിക്കാൻ ഇത്തരം പാഠങ്ങൾ ശ്രമിച്ചിരുന്നതായി കാണാം. നാട്ടുസാഹിത്യത്തിന്റെയും നാട്ടറിവിന്റെയും പരിചിത അനുഭ വങ്ങൾക്ക് വേഗത്തിൽ നാട്ടുഭാഷാപഠനത്തെ സാധ്യമാക്കാനാകുമെന്ന സമീപനം ഇത്തരം പാഠങ്ങളുടെ അടിസ്ഥാനസങ്കല്പമായി പ്രവർത്തിച്ചിരുന്നു. സമാനമായ മാതൃകകൾ മദ്രാസിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗത്തിലുണ്ടായിരുന്ന മിഷണറി പാഠങ്ങളിൽ കാണ്ടെടുക്കാം. എന്നാൽ, സവിശേഷമായി കമ്മിറ്റികളുടെ മേല്നോട്ടത്തിൽ പാഠപുസ്തകങ്ങളെ വിശകലനം ചെയ്യുകയും സമിതിയുടെ നിർദ്ദേശങ്ങളിലൂടെ പാഠങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്നതോടെ ഈസമീപനത്തിൽ മാറ്റം വരുന്നുണ്ട്.

### പാഠപരിഷ്കരണവും നാട്ടുവിജ്ഞാനീയവും

മദ്രാസ് പ്രവിശ്യയിൽ പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ ഗ്രാന്റ് -ഇൻ-എയ്ഡ് വ്യവസ്ഥ നടപ്പിലാക്കാൻ തീരുമാനിക്കുന്നുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്കൂളുകളെ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാന്റിന്റെ പരിധിയിൽ കൊണ്ടു വരുകയും സർക്കാർ നേതൃത്വത്തിൽ ആധുനികവിദ്യാഭ്യാസം വ്യാപിപ്പിക്കുകയുമായിരുന്നു ഇതിന്റെ ലക്ഷ്യം. അതോടെ ഗ്രാന്റിനർഹരാകുന്നതിന് സ്വകാര്യ ഉടമസ്ഥതയിലുള്ള സ്കൂളുകൾക്ക് ഗ്രാന്റിന്റെ വ്യവസ്ഥകൾ പാലിക്കേണ്ടതായി വന്നു. ഈ ഘട്ടത്തിൽ, ഒരേസമയം എയ്ഡഡ് മേഖലയിലും സർക്കാർ മേഖലയിലുമുള്ള സ്കൂളുകളിൽ ഉപയോഗത്തിലിരുന്ന പാഠപുസ്തകങ്ങളുടെ ഉള്ളടക്കം സർക്കാരിന് പരിശോധിക്കേണ്ടതായി വരുന്നുണ്ട്. ഈപുസ്തകങ്ങളെ സംബന്ധിച്ച് സമൂഹത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് വിമർശനങ്ങളുയർന്നതാണ് കാരണം. അവയിലെ മതാത്മകമായ ഉള്ളടക്കത്തെ മുൻനിർത്തിയാണ് പ്രധാനമായും ആരോപണങ്ങളുയർന്നത്. നാട്ടുഭാഷാപഠനത്തിനായി ഉപയോഗത്തിലിരുന്ന പാഠങ്ങളും ഈ വിമർശനങ്ങളുടെ പരി ധിയിലേക്ക് കടന്നുവന്നു. നാട്ടുഭാഷാപാഠങ്ങളുടെ മതേതരത്വത്തെ ഉറപ്പുവരുത്തുക മാത്രമല്ല, പാശ്ചാത്യശാസ്ത്രയുക്തിയ്ക്കിണങ്ങാത്ത അറിവുകളും ഇതിന്റെ ഭാഗമായി വെല്ലുവിളിക്കപ്പെട്ടു.

മദ്രാസിൽ ഗ്രാന്റിന്റെ പരിധിയിലേക്ക് കൂടുതൽ വിദ്യാലയങ്ങൾ കടന്നുവരുകയും, വ്യവ സ്ഥകൾ ശക്തമായി നടപ്പിലാവുകയും ചെയ്യുന്നതോടെ പാഠങ്ങളുടെ പരിശോധനയും കൂടുതൽ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കപ്പെട്ടു. 1874 ലെ പാഠപരിഷ്കരണ കമ്മിറ്റിയുടെ സമീപന ത്തിൽ നിന്ന് ഇത് നമുക്ക് കൃത്യമായി മനസ്സിലാക്കാം. ഈ പാഠപരിഷ്കരണ റിപ്പോർട്ട് അതി നോടകം വന്ന തമിഴ്, തെലുങ്ക്, ഇംഗ്ലീഷ് പാഠങ്ങളുടെ പരിഷ്കരണവും പുതിയപുസ്തകങ്ങളുടെ നിർമ്മിതിയുമാണുദ്ദേശിച്ചത് (The report of revision of English Telugu and Tamil School Books in Madras Presidency, 1874). ഇത്തരം 'പരിഷ്കരണോൻമുഖ'നയങ്ങളുടെ സ്വാധീനം തിരുവിതാംകൂറിലെ പാഠനിർമ്മാണത്തിലും പ്രകടമാണ്. പാഠങ്ങളുടെ മത-ഇതരത്വം, അശാ

സ്ത്രീയത, എന്നിവ കമ്മിറ്റിയുടെ മുഖ്യമാനദണ്ഡമായി.

ജനതയുടെ മതജീവിതവും നാട്ടുവിജ്ഞാനീയവും പരസ്പരം സംഘർഷത്തിലോ സമന്വയത്തിലോ പൂരിപ്പിക്കുന്ന തദ്ദേശീയ സാംസ്കാരിക പരിസരത്തെ മനസ്സിലാക്കാതെയുള്ള വിശകലനത്തിലേക്കാണ് കമ്മിറ്റി നീങ്ങിയത്. ഉദാഹരണമായി, മദ്രാസിൽ ഉപയോഗത്തിലിരുന്ന പാഠങ്ങൾ പരിശോധനയ്ക്കുവേണ്ടി കമ്മിറ്റിയ്ക്ക് മുമ്പിലെത്തുമ്പോൾ മലബാറിന്റെ പ്രതിനിധിയായി പങ്കെടുത്ത ഗാർത്ത്വൈറ്റ് തമിഴ് റീഡറിലെ ക്ലാസ്സിക്കൽ ഹിന്ദുപുസ്തകകഥകൾ ഏതെങ്കിലും ഇന്ത്യൻ ജീവചരിത്രം പകരം വച്ചുകൊണ്ട് പുതുക്കുകയാണ് വേണ്ടതെന്ന് പറയുന്നുണ്ട് (1874:8). അവ അയുക്തി നിറഞ്ഞതും അപ്രസക്തവുമാണെന്നാണ് കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ, സാഹിത്യകൃതികളെ യുക്തിയുടെ കോലുകൊണ്ടളക്കാനാണ് ശ്രമിക്കുന്നത്. തദ്ദേശീയസംസ്കാരത്തിൽ മതത്തിന്റേതെന്ന് തിരിച്ചറിയാവുന്ന ഏകമുഖമായ പാഠരൂപങ്ങളേക്കാൾ പ്രാദേശിക-സാമുദായിക വ്യതിയാനമുള്ള തനത് മാതൃകകൾ പ്രചരിക്കുന്നുവെന്നതാണ് നമ്മുടെ യാഥാർത്ഥ്യം. അവ തരംതിരിവുകൾക്ക് പിടിതരാത്ത നിലയിലാണ് സംസ്കാരത്തിൽ പ്രവർത്തിക്കുന്നത്. ആധികാരികവും മാനകവുമായ പാഠമായി യൂറോപ്പിന്റെ സാഹിത്യമാണ് ഇത്തരം സന്ദർഭങ്ങളിൽ കമ്മിറ്റിയ്ക്ക് സ്വീകാര്യമാകുന്നത്[2].

തെലുങ്ക് പുസ്തകങ്ങളിലേക്ക് വരുമ്പോൾ, ഹിന്ദു അധ്യാപകർക്കിടയിൽ പൊതുവായി വിയോജിപ്പിന്റെ ശബ്ദമുയരാനുള്ള സാധ്യത കമ്മിറ്റി നിരീക്ഷിക്കുന്നുണ്ട്. ഒന്നാമത്തേത്, വെമന കവിയുടെ രചനകളുടെ തെരഞ്ഞെടുപ്പാണ്. എന്നാൽ, ഹൈന്ദവ ആചാരങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഇതിലെ ആക്ഷേപഹാസ്യവും, ചില ചരണങ്ങളിൽ ഉൾക്കൊള്ളുന്ന അസംബന്ധങ്ങളും വിശദീകരിക്കുന്നതിൽ അധ്യാപകർ ബുദ്ധിമുട്ട് നേരിടുന്നുവെന്നതാണ്പ്രധാനപ്പെട്ട എതിർപ്പ്. ഗാർത്ത്വൈറ്റ് എഴുതുന്നു; “ഈ ഡിവിഷനിലെ ഒരു വലിയ സ്കൂളിലെ ഒരു ഹെഡ്മാസ്റ്ററും, ബുദ്ധിമാനും, മദ്രാസ് യൂണിവേഴ്സിറ്റിയിലെ ബിരുദധാരിയുമായ ഒരാൾ, ഈ പുസ്തകം ആദ്യം സ്വീകരിച്ചത് മിഷനറിമാരുടെ ശുപാർശ പ്രകാരമാണെന്ന് അഭിപ്രായപ്പെടുന്നു. അത് ഹൈന്ദവ വികാരങ്ങളോട് തികച്ചും വെറുപ്പുളവാക്കുന്ന വീക്ഷണങ്ങൾ നിറഞ്ഞതാണ്, കൂടാതെ ഹിന്ദു ആൺകുട്ടികളെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യിക്കാൻ സർക്കാർ ശ്രമിക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കാൻ ഇത് കാരണമാകുന്നു. പുസ്തകത്തോടുള്ള ബ്രാഹ്മണരുടെ ഇഷ്ടക്കേട് ഒരാൾക്ക് നന്നായി മനസ്സിലാക്കാൻ കഴിയും, കൂടാതെ അധ്യാപകരിൽ അഞ്ചിൽ നാല് ഭാഗമെങ്കിലും ബ്രാഹ്മണരാണെന്ന് ഓർമ്മിക്കേണ്ടതാണ്. വെമനന്റെ ആശയങ്ങൾനല്ലൊരു ഭാഗം ഞാൻ അംഗീകരിക്കുന്നതുപോലെ, എന്റെ സ്വന്തം അഭിപ്രായം അത് നിർത്തലാക്കുന്നതിന് അനുകൂലമാണ്” (1874,40). ഇങ്ങനെ മതപരാമർശങ്ങൾ എങ്ങനെയാണ് സമൂഹത്തിലെ പ്രബലശക്തികളുടെ വികാരത്തെ സ്വാധീനിക്കുന്നതെന്ന ആലോചനകൾ പാഠങ്ങളുടെ തെരഞ്ഞെടുപ്പിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം[3]. ഈ ഘട്ടത്തിൽ ഇസ്ലാം മതവിഭാഗത്തിന്റെ മേല്നോട്ടത്തിൽ മദ്രാസ് പ്രവിശ്യയിൽ ആധുനികവിദ്യാലയങ്ങൾ വ്യാപകമായിരുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത് (Satthianadhan, 1894). മതപഠനം നടത്തിവന്ന സ്ഥാപനങ്ങളെ ഗ്രാന്റിന്റെ സഹായത്തോടെ പില്ക്കാലത്താണ് ഈ വിദ്യാഭ്യാസസംവിധാനത്തിന്റെ ഭാഗമാക്കി മാറ്റുന്നത് (മക്തിതങ്ങൾ, 2012:440). ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സമുദായപരിഷ്കർത്താവായ


ISSN: 2582 - 2594

മക്തിതങ്ങൾ ഇസ്ലാം സമുദായത്തെ പൊതുവിദ്യാഭ്യാസത്തിലേക്ക് നയിക്കാനുള്ള പരിശ്രമങ്ങളിലേർപ്പെട്ടിരിക്കുന്നതോർക്കാം. ഇസ്ലാം വിഭാഗത്തിന്റേതായി അത്തരമൊരു പ്രതികരണം റിപ്പോർട്ടുകളിൽ ലഭ്യമാകാത്തതും അതുകൊണ്ടുകൂടിയാകാം.

## വെമനവചനങ്ങൾ

തെലുങ്കുഭാഷാപഠനത്തിനായി തദ്ദേശീയർ തയ്യാറാക്കിയ രചനകളെ പാഠപുസ്തകനിർമ്മാണഘട്ടത്തിൽ പരിഗണിക്കുന്നുണ്ട്. 1824-ൽ തന്നെ സമാഹരിക്കപ്പെട്ട വെമനവാക്യങ്ങൾ, തദ്ദേശീയ പാഠശാലകളിലും പാഠ്യവിഷയമായിരുന്നു. ഈ രചന പാഠഭാഗമായി സ്വീകരിക്കുന്നതിൽ ശക്തമായ വിയോജിപ്പുകൾ കമ്മിറ്റി രേഖപ്പെടുത്തുന്നുണ്ട്. വേദദർശനങ്ങളുടെ ദേശവത്കൃത രൂപമായ ഈ പുസ്തകം റവ. ചാൾസ് ഫിലിപ്പ് ബ്രൌൺ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തതോടെ മതപരം, സദാചാരപരം, ആക്ഷേപഹാസ്യം, മിസ്റ്റിക്കൽ, ശതകം എന്നിങ്ങനെ വിവിധ ഭാഗങ്ങളായി വേർതിരിക്കുന്നു. വെമനവചനങ്ങളുടെ ഭാഷയും അതിന്റെ കെട്ടും കാവ്യഭംഗിയുള്ളതല്ല എന്നാണ് ഈ കൃതി ഒഴിവാക്കുന്നതിന് ന്യായീകരണമായി കമ്മിറ്റി രേഖപ്പെടുത്തുന്നത്. പ്രാദേശികമായി പ്രചരിച്ചു പോരുന്ന വഴക്കങ്ങളുടെ സ്വഭാവമാണ് വെമനരചനകൾക്കുള്ളത്. അതിലും പ്രധാനപ്പെട്ട ഒരു കാരണം ഹിന്ദു ആരാധനയുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന പല പ്രമാണങ്ങളെയും കടുത്ത ഭാഷയിൽ ഈ നാട്ടുസാഹിത്യം വെല്ലുവിളിക്കുന്നു എന്നതാണ്. 'ഒരു യൂറോപ്യനെ സംബന്ധിച്ചിടത്തോളം, ആത്മാർത്ഥതയിലും സത്യസന്ധതയിലും തന്റെ പ്രായത്തേക്കാൾ വളരെ മുമ്പെ സഞ്ചരിച്ച വെമന രചയിതാവിനെ അംഗീകരിക്കാനാകുമ്പോഴും, ഈ ശക്തനായ പരിഷ്കർത്താവ് യാഥാസ്ഥിതിക ഹിന്ദുവിന് സ്വീകാര്യനാകുമെന്ന് പ്രതീക്ഷിക്കാനാവില്ല'. ഈ പുസ്തകത്തിന്റെ തെരഞ്ഞെടുപ്പുകളിൽ ഹിന്ദുമതത്തിനെതിരായ വെമനയുടെ സമീപനങ്ങൾ ഹിന്ദുവികാരത്തെ ബാധിക്കുമെന്നതും ഒരു പരിഗണനയായി വന്നു. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ നിലവിലുണ്ടായിരുന്നനയം മതപരമായ വിഷയങ്ങൾ പാഠത്തിൽ ഉൾപ്പെടേണ്ടതില്ല എന്നതാണ്. ഏതെങ്കിലും ഒരു മതത്തെ ബാധിക്കുന്നതോ മതത്തെ പരാമർശിക്കുന്നതോ ആയ എല്ലാ ഘടകങ്ങളെയും പാഠഭാഗത്തുനിന്ന് നീക്കം ചെയ്യാൻ കമ്മിറ്റി നിർദേശിക്കുന്നുണ്ട്.

മറ്റൊന്ന്, സ്കൂളുകളിൽ ആക്ഷേപഹാസ്യം പഠിക്കാൻ അനുവദിക്കുന്നതിലെ അപാകതയെക്കുറിച്ചുണ്ടായിരുന്ന ആശങ്കയാണ്. അതാതു പ്രദേശത്തെ സാമൂഹ്യ- സാംസ്കാരിക സ്വഭാവത്തോടുള്ള പ്രതികരണങ്ങളാണ് ആക്ഷേപഹാസ്യത്തിലുൾപ്പെടുക, അത് പഠിക്കുന്ന കുട്ടികളുടെ ആശയസ്വാംശീകരണശേഷിയും, ബൗദ്ധികതലവും വിദ്യാർത്ഥിക്ക് അതെങ്ങനെ സമാഹരിക്കാനാവുന്നു എന്നതെല്ലാം പാഠപരിഗണനയ്ക്ക് അടിസ്ഥാനമാകേണ്ടതാണ്. പഠിതാവിനെയെന്നപോലെ പഠിപ്പിക്കാനെത്തുന്ന അധ്യാപകരെയും പരിഗണിച്ചുകൊണ്ട് വിശദമായ പഠനക്കുറിപ്പുകൾ നല്കേണ്ടതുണ്ടെന്നതും ഇതിൽ പ്രധാനമാണ്. അമൂർത്ത യാഥാർത്ഥ്യത്തെയുൾക്കൊള്ളുന്ന പാഠഭാഗങ്ങളെ വിശദീകരിക്കുന്നതിലുള്ള അധ്യാപകരുടെ പ്രയാസം പരിഗണിച്ചാണ് റിപ്പോർട്ടിൽ ഗാർത്ത്‌വൈറ്റ് എഴുതുന്നത്. മലബാറിൽ അദ്ദേഹം തയ്യാറാക്കിയ പാഠങ്ങളിൽ വിശദീകരണക്കുറിപ്പുകളും ഉള്ളടക്കപ്പട്ടികയും ചേർത്തിരിക്കുന്നത് ഈ വ്യക്തതയ്ക്ക് വേണ്ടിയാണെന്നും രേഖപ്പെടുത്തുന്നുണ്ട് (1874:41).

മതിയായ ധാർമ്മിക നിയമങ്ങളും കൊളോണിയൽ നയത്തിന്റെ അടിസ്ഥാനത്തിൽ എതിർക്കപ്പെടാത്തതുമായ കാര്യങ്ങളടങ്ങിയ കവിതകളെ തെരഞ്ഞെടുക്കാനാണ് കമ്മിറ്റി നിർദ്ദേശിക്കുന്നത്. മാതൃഭാഷകളിൽ ഇപ്പോൾ നിലവിലുള്ളതിൽ നിന്ന് വ്യത്യസ്തമായ സ്വഭാവമുള്ള ചെറിയ കവിതകൾ പാഠങ്ങളിലുൾപ്പെടുത്താൻ വേണ്ടി കണ്ടെത്തണമെന്നും അവയ്ക്ക് സമ്മാനങ്ങൾ വാഗ്ദാനം ചെയ്യണമെന്നും കമ്മിറ്റി പറയുന്നുണ്ട്. വിദ്യാഭ്യാസ വിദഗ്ധനായിരുന്ന ഡോ. മർഡോക്കിന്റെ നിർദ്ദേശത്തെ കമ്മിറ്റി റിപ്പോർട്ടിൽ എടുത്തു പറയുന്നു; ഇംഗ്ലീഷ് കുട്ടികൾക്കായി എഴുതിയ ഏറ്റവും മികച്ച കവിതകളിൽ നിന്ന് പുതിയ കവിതകൾ എടുക്കേണ്ടതാണ്, കൂടാതെ ശൈലി ഏതൊരു പ്രാദേശിക കവിതയിലും നിലവിലുള്ളതിനേക്കാൾ ലളിതവും ബുദ്ധിപരവുമായിരിക്കണം എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. നാട്ടുഭാഷയിൽ, നിലവിലുള്ള രചനകൾ യുക്തിരഹിതമായി ചേർത്തുവച്ച വാക്യങ്ങൾ മാത്രമാണെന്നാണ് ഈ റിപ്പോർട്ടെത്തിച്ചേരുന്ന നിഗമനം.

### നളചരിതം

ഫോക്‌ലോറുകളെ സംബന്ധിച്ച കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ സമീപനം വെളിപ്പെടുത്തുന്ന രണ്ടാമത്തെ ഉദാഹരണം നളചരിതമാണ്. തമിഴിലെ നളചക്കിരവർത്തികതൈ, സംസ്കൃതത്തിലുണ്ടായ നിരവധി വ്യാഖ്യാനങ്ങൾ ഉൾപ്പെടെ തദ്ദേശീയമായി വ്യത്യസ്തമായ പാഠരൂപങ്ങൾക്ക് ആധാരമായ ഒരു മൂലകഥയാണ് നളചരിതം. പതിനാലോ പതിനഞ്ചോ നൂറ്റാണ്ടു മുതൽതന്നെ സ്വതന്ത്രമായ ആഖ്യാനങ്ങൾ മലയാളത്തിലും നളദമയന്തീ കഥയ്ക്കുണ്ടായിരുന്നതായി രേഖപ്പെടുത്തി കാണാം (അജയകുമാർ എൻ, മലയാളത്തിലെ നളചരിതങ്ങൾ, 2018,5). തമിഴ് പാഠപുസ്തകത്തിലുൾപ്പെടുത്തിയ നളചരിത കഥ സംബന്ധിച്ച് പാഠപരിഷ്കരണ കമ്മിറ്റിയ്ക്ക് വിമർശനങ്ങളുണ്ടായിരുന്നു. നളചരിതം തനിക്ക് ബുദ്ധിമുട്ടുള്ളതും, അഭിരുചിക്കനുസരിച്ച്, പൈശാചികവുമാണെന്ന് തോന്നുന്നതായും എഴുതുന്നതോടൊപ്പം അസഭ്യമെന്ന് വിളിക്കാവുന്ന ഏതെങ്കിലും പദപ്രയോഗങ്ങളുമായി കണ്ടുമുട്ടിയതായി ഓർമ്മയില്ലയെന്നാണ് ഗാർത്ത്‌വൈറ്റ് തന്നെ രേഖപ്പെടുത്തുന്നത്. എന്നാൽ ധാർമിക അടിസ്ഥാനത്തിൽ അതിനെ എതിർക്കുന്നുവെന്നാണ് അദ്ദേഹത്തിന്റെ വിശദീകരണം. നളചരിതം നിരവധി ഹിന്ദുദൈവങ്ങളെ കഥയിൽ അവതരിപ്പിക്കുന്നുണ്ട്. ചില ഭാഗങ്ങൾ റിപ്പോർട്ടിൽ ഉദ്ധരിച്ചു ചേർത്ത്, മാറ്റം നിർദ്ദേശിക്കുന്നുണ്ട്. ഹൈന്ദവ പുരാണങ്ങളേയും മതങ്ങളേയും കുറിച്ചുള്ള എല്ലാ സൂചനകളും ഒഴിവാക്കിയാൽ, ഹിന്ദു ക്ലാസിക്കുകളെ എങ്ങനെ ഫലപ്രദമായി പഠിക്കാൻ കഴിയുമെന്ന് കമ്മിറ്റി കാണുന്നില്ല എന്ന പ്രസക്തമായ ഒരു വിമർശനം ഈ ഘട്ടത്തിൽ കമ്മിറ്റിയ്ക്കുള്ളിൽ രൂപപ്പെടുന്നുണ്ട്. മഹാഭാരതത്തിൽ നിന്നും മറ്റ് സമാന കൃതികളിൽ നിന്നുമുള്ള ചെറിയ വിവരണങ്ങളും ശകലങ്ങളും ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ തയ്യാറാക്കാം, പക്ഷേ ആവശ്യമായ എല്ലാ വ്യവസ്ഥകളും നിറവേറ്റുന്ന ഒരു പൂർണ്ണമായ കവിതയും കണ്ടെത്താനാവില്ല എന്നാണ് ഇക്കാര്യത്തിൽ ഗാർത്ത്‌വൈറ്റ് എഴുതുന്നത്. മലയാളത്തിന്റെ പശ്ചാത്തലത്തിലായാലും നളചരിതം ഒരു ക്ലാസ്സിക്കൽ ഹിന്ദുപുസ്തകമായി പരിഗണിക്കുകയും കഥകളിയെന്ന ക്ലാസ്സിക്കൽ കലാരൂപത്തിനായി ചിട്ടപ്പെടുത്തിയ ആട്ടക്കഥ മാത്രം ആദ്യഘട്ടത്തിൽ സിലബസ്സിലേക്ക് കടന്നുവന്നതെന്ന് കാണാം. മറിച്ച് അതിന്റെ പ്രാദേശിക പാഠഭേദങ്ങളടിസ്ഥാനമാക്കിയ മറ്റാഖ്യാനങ്ങൾ വിശദപഠനത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയാണുണ്ടായത്. ക്ലാസ്സിക്കൽ


ISSN: 2582 - 2594

മാതൃകകളിൽ തന്നെ വളരെ സൂക്ഷ്മമായ വിമർശനങ്ങൾ മുന്നോട്ടുവയ്ക്കുകയും യൂറോപ്യൻ സാഹിത്യപാഠങ്ങൾക്ക് അനുരൂപമായി മാനകീകരിക്കുകയുമാണുണ്ടായത്.

### പഴഞ്ചൊല്ലുകളും പഞ്ചതന്ത്രവും

പഴഞ്ചൊല്ലുകൾ, പഞ്ചതന്ത്രം ഉൾപ്പെടുന്ന നാട്ടുവഴക്കങ്ങൾ മിഷണറി പാഠങ്ങളിൽ ധാരാളമായി ഉപയോഗിക്കപ്പെട്ടുവെന്നാണെങ്കിലും ആധുനിക വിദ്യാഭ്യാസത്തെ വ്യവസ്ഥാപിതമായ ഒരു സ്വഭാവത്തിലേക്ക് ചിട്ടപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാരംഭിക്കുന്നതോടെ പാഠത്തോടൊപ്പം അത് പഠിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രവും ചർച്ചയ്ക്ക് ആധാരമായി. സാഹിത്യരൂപമെന്നതിലുപരി അതിന്റെ ഭാവം എങ്ങനെ ക്ലാസ്സ് മുറികളിലെത്തിക്കുമെന്ന ആലോചനകളും പാഠങ്ങളുടെ തെരഞ്ഞെടുപ്പിനാധാരമായി പ്രവർത്തിച്ചു. അക്ഷരങ്ങളുടെയും വാക്യങ്ങളുടെയും പരിശീലനത്തിനായിട്ടാണ് പഴഞ്ചൊല്ലുകളെ പാഠഭാഗത്ത് ഉദാഹരിച്ചു കാണുന്നത്. എന്നാൽ ഇത്തരം പഴഞ്ചൊല്ലുകൾ നിസ്സാര സ്വഭാവമുള്ളതാണെന്നാണ് കമ്മിറ്റിയിലെ പലരും നിരീക്ഷിക്കുന്നത്. പഴഞ്ചൊല്ലുകൾ പലതും, കൊച്ചുകുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയാത്തതാണെന്നും, പൊതുവെ അധ്യാപകർ അവ പഠിപ്പിക്കുന്നതിൽ പരാജയപ്പെടുന്നതായും കമ്മിറ്റി വിലയിരുത്തി. എന്നാൽ ഗ്രാന്റിനായി സ്കൂളുകളുടെ ഉപയോഗത്തിലിരിക്കുന്ന പുസ്തകത്തിന്റെ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ, അവയുടെ അർത്ഥം ചോദ്യം ചെയ്യേണ്ടതുണ്ടെന്നും കമ്മിറ്റി നിലപാടെടുത്തു.

നാട്ടുഭാഷാറീഡറുകളുടെ പാഠങ്ങൾ തീർത്തും താൽപ്പര്യമുണർത്തുന്നവയും പ്രബോധനപരവുമായിരിക്കണം എന്നതായിരുന്നു പൊതുസമീപനം. അപ്പോഴും വലിയ ക്ലാസ്സുകളിലേക്കാണ് പഞ്ചതന്ത്രം സ്വീകാര്യമായത്. ബൈബിൾ കഥകൾ പകർന്ന് തരുന്ന നിലയിൽ സൻമാർഗ്ഗ ചിന്തകൾ പഞ്ചതന്ത്രകഥകൾക്ക് നല്കാനാകുന്നുവെന്നതിനാലാണ് അവയനുവദിക്കപ്പെട്ടത്. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ പരിഷ്കരണലക്ഷ്യത്തെയും പൗരസമൂഹരൂപീകരണത്തെയും പൂർത്തീകരിക്കുന്നതിന് സൻമാർഗ്ഗപാഠങ്ങൾ കൂടിയേ തീരൂ. ഈ നിലപാടിൽ മിഷണറി പാഠങ്ങളും കൊളോണിയൽ സമീപനവും തമ്മിൽ സംഘർഷത്തിന്റെ സാധ്യതയുണ്ടായില്ല. എന്നാൽ ബൈബിളിലെ കഥകളും പരാമർശങ്ങളും നേരിട്ടുപയോഗിക്കുന്നതിൽ നിന്ന് പുസ്തകങ്ങളെ കമ്മിറ്റി വിലക്കി. എന്നാണെങ്കിലും, ബൈബിളനുബന്ധമായി യൂറോപ്പിൽ രൂപപ്പെട്ട തദ്ദേശ സാഹിത്യം ഭാഷാപഠനത്തിന് യൂറോപ്യൻ സ്കൂളുകളെ എങ്ങനെ സഹായിച്ചുവെന്ന് കമ്മിറ്റി തിരിച്ചറിഞ്ഞിരുന്നു. "വളരെ മെച്ചപ്പെട്ട" പുസ്തകങ്ങൾ വായിക്കാൻ ഞങ്ങൾ സ്വന്തം കുട്ടികളെ പഠിപ്പിക്കുന്നില്ല. ഞങ്ങൾ അവരെ ആദ്യം വായിക്കാൻ പഠിപ്പിച്ചത് ബൈബിളിലെ ചെറിയ ആഖ്യാനവും ശ്രേഷ്ഠമായ കവിതകളുമാണ്. പ്രായപൂർത്തിയായവരുടെ ഓർമ്മയിൽ നമ്മുടെ നഴ്സറി റൈമുകളോ വർഷങ്ങൾക്ക് മുമ്പ് വായിച്ച ബൈബിൾ കഥകളോ ഒരിക്കലും മറക്കില്ല. എന്നാൽ ഒരു യുവ ഹിന്ദുവിനെ ഗർഭം ധരിക്കുന്നതിന് ഉജ്ജ്വലമായ ഭാവന ആവശ്യമാണ്. ഒന്നാമത്തെയും രണ്ടാമത്തെയും വായനക്കാരിൽ താൻ വായിക്കുന്ന മണ്ടത്തരങ്ങൾ അവന്റെ ഓർമ്മയിൽ സൂക്ഷിക്കുന്നു. ഒരു പരീക്ഷയിൽ വിജയിക്കാൻ അവൻ അത് മനഃപാഠമായി പഠിക്കുന്നു, തുടർന്ന് അത് തന്റെ മനസ്സിൽ നിന്ന് തള്ളിക്കളയുന്നു" (1874,43). അതിനാൽ വ്യക്തമായ നയത്തെ പിന്തുടർന്നു മാത്രമേ പാഠങ്ങൾ തിരഞ്ഞെടുക്കപ്പെടാവൂ എന്ന് കമ്മിറ്റികൾ നിർദ്ദേശിച്ചു. തദ്ദേശീയമായി പ്രചരിച്ച കഥകളെ ഹിന്ദുമതപരം എന്നു മാത്രമാണ്

കമ്മിറ്റിയംഗങ്ങൾ കണ്ടത്. രാമനും രാവണനും സീതയും പ്രാദേശികമായി രൂപപ്പെട്ട് വ്യത്യസ്ത പാഠങ്ങളിലൂടെ ജീവിച്ച വ്യത്യസ്തജീവിതത്തെ അവർ നിരാകരിക്കുകയാണുണ്ടായത്.

1871 ൽ തന്നെ ബോയ്ലർ തയ്യാറാക്കുന്ന റിവ്യൂ റിപ്പോർട്ടിൽ തീർത്തും വ്യത്യസ്തമായ ഒരു സമീപനം മുന്നോട്ടു വച്ചിരുന്നു; "നമുക്ക് മാന്യമായ യൂറേഷ്യൻ സാഹിത്യം നിർമ്മിക്കാൻ കഴിയുന്നില്ലെങ്കിൽ, യഥാർത്ഥ ലേഖനം ഉപയോഗിക്കുകയും ഹിന്ദുക്കളെ ഭാഷയും സാഹിത്യവും പഠിപ്പിക്കുകയും ചെയ്യുന്നതാണ് ബുദ്ധി. മാന്യതയ്ക്കെതിരായ എല്ലാ കലാപങ്ങളിൽ നിന്നും അവരുടെ രാജ്യത്തെ ശുദ്ധീകരിക്കേണ്ടതുണ്ട്. ഈയിടെ നടന്ന ഇൻസ്പെക്ടേഴ്സ് കോൺഗ്രസിൽ, പ്രാദേശിക കവിതകൾ സ്റ്റാൻഡേർഡ് പരീക്ഷയ്ക്ക് ഒരു വിഷയമായി അംഗീകരിച്ചപ്പോൾ ശരിയായ ദിശയിലുള്ള ഒരു നീക്കം നടന്നു. എന്നാൽ നമുക്ക് കൂടുതൽ മുന്നോട്ട് പോയി പ്രാദേശിക വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ഉപകരണമായി പ്രാദേശിക സാഹിത്യത്തെ തിരിച്ചറിയാൻ കഴിയുമെന്ന് ഞാൻ കരുതുന്നു" (1874,42), എന്നാൽ ഈ അഭിപ്രായം ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ മാത്രമാണ് സ്വീകാര്യമായി മാറുന്നത്. യൂറോപ്യൻ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷ്മപരിശോധനയില്ലാതെ പ്രാദേശിക രചനകൾ സ്വീകാര്യമായത് ഇക്കാലയളവിൽ മാത്രമാണ്.

**ഉപസംഹാരം**

ആധുനിക ലോകത്തിന്റെ വാതിലുകൾ തുറന്നു നല്കാവുന്ന വിധത്തിൽ, ഒരേസമയം ഭാഷാപഠനത്തിനും ശാസ്ത്രപഠനത്തിനുമുള്ള പാഠങ്ങൾ അടങ്ങിയവയായിരുന്നു നാട്ടുഭാഷാപുസ്തകങ്ങൾ. ആധുനിക വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടത്തിൽ, യൂറോപ്യൻ യുക്തിക്കിണങ്ങുന്ന സങ്കല്പങ്ങളെ മാത്രം ആധികാരികമായി സ്വീകരിച്ചുകൊണ്ടാണ് തദ്ദേശീയ സാഹിത്യപാഠങ്ങളെ പരിഗണിച്ചത്. ഇതുതന്നെയാണ് നാട്ടുവിജ്ഞാനീയത്തിന്റെ കാര്യത്തിലും സംഭവിച്ചത്. സദാചാരസംഹിതകളെയും സാഹിത്യരചനകളെയും ഏകശിലാത്മകമായി ചിട്ടപ്പെടുത്താനുള്ള ശ്രമമാണ് പാഠപുസ്തകങ്ങളിൽ പ്രകടമായത്. അതിനിണങ്ങുന്ന പാഠങ്ങൾ നിലവിലുള്ള നാട്ടുസാഹിത്യത്തിൽ നിന്ന് കണ്ടെടുക്കാനാവാതെ വന്നതോടെ, പുതിയ പാഠങ്ങൾ നിർമ്മിച്ചും, ഇംഗ്ലീഷിൽ നിന്ന് വിവർത്തനം ചെയ്തും ഉൾപ്പെടുത്തുന്ന രീതിയാണ് പാഠങ്ങളിൽ സ്വീകരിച്ചത്. തദ്ദേശീയ ജീവിതത്തിന്റെ സവിശേഷതയോ സംഘർഷങ്ങളോ അവിടെ വിഷയമായില്ല. ജാതിപരമോ മതപരമോ ആയ അസ്വസ്ഥതകൾ കൊളോണിയൽ ഭരണത്തിന്റെ ബാധ്യതയായി ഒരിക്കലും കണ്ടിരുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരം സംഘർഷങ്ങളെ പുസ്തകങ്ങൾക്ക്പുറത്തു നിർത്താനാണ് ശ്രമിച്ചിരുന്നത്. ആദ്യകാല കൊളോണിയൽ പാഠ്യദ്ധതി, തദ്ദേശീയമായ അനുഭവപരിസരത്തിൽ രൂപപ്പെട്ട വിജ്ഞാനത്തിന് കൊളോണിയൽ നയത്തെ തൃപ്തിപ്പെടുത്താൻ ശേഷിയില്ല എന്നു നിരീക്ഷിച്ചുകൊണ്ട് അവയെ പാഠ്യപദ്ധതിയിൽ നിന്ന് മാറ്റി നിർത്തുകയായിരുന്നു. മാനകീകരിക്കപ്പെട്ടതും ലിഖിതപാഠങ്ങൾ ലഭ്യമായതുമായ മാതൃകകളെ തെരഞ്ഞെടുക്കുകയും അതിൽ മതത്തിന്റേതെന്ന് ആരോപിക്കപ്പെട്ട ഘടകങ്ങളെ വെട്ടിമാറ്റുകയുമാണ് ആദ്യകാലപാഠനിർമ്മാണത്തിന്റെ പൊതുസമീപനമായിരുന്നത്. ഏകീകൃതമായൊരു ഹിന്ദുമതം ഇല്ലാതിരുന്നപ്പോഴും അടിസ്ഥാനപരമായി ക്രിസ്തുമതത്തിന്റേതായ ഘടകങ്ങൾ തദ്ദേശീയ ബ്രാഹ്മണ്യത്തെ അസ്വസ്ഥപ്പെടുത്തുമെന്ന ആലോചനകളാണ് എതിർവശത്തൊരു ഏകീകൃതഹിന്ദുമതത്തെ പ്രതിഷ്ഠിക്കുകയും ഇവ രണ്ടിനോടും സമദൂരം എന്ന് കൊളോണിയൽ സർക്കാർ പ്രഖ്യാപിക്കുകയും ചെയ്യുന്നതിന് കാരണം.


ISSN: 2582 - 2594

### കുറിപ്പുകൾ

1 പാശ്ചാത്യസാഹിത്യം സ്കൂൾപാഠപുസ്തകത്തിന്റെ ഭാഗമാകുന്നത് റിംഗിൾടോംബിന്റെ പാഠപുസ്തകങ്ങളിലൂടെയാണെന്ന് രേഖപ്പെടുത്തിക്കാണാം (Sreejith,2019:183). എന്നായിരിക്കുമ്പോഴും മിഷണറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി അച്ചടിക്കപ്പെട്ട എല്ലാപാഠപുസ്തകങ്ങളിലും അടിസ്ഥാനസമീപനം ഇതുതന്നെയായിരുന്നു എന്ന് ധരിക്കേണ്ടതില്ല. പാശ്ചാത്യസാഹിത്യമാതൃകകളെ പിന്തുടരുകയും അവയുടെ വിവർത്തന രൂപങ്ങൾ അച്ചടിക്കപ്പെടുകയും ചെയ്യുന്നതോടൊപ്പം തദ്ദേശീയമാതൃകകളും ഇടംപിടിക്കുന്നുണ്ട്.

2 എന്നാൽ ഇംഗ്ലീഷ് പാഠങ്ങളിലെ സങ്കല്പങ്ങളെങ്ങനെയാണ് തദ്ദേശീയ/ഹിന്ദു വിദ്യാർത്ഥികളെ സ്വാധീനിക്കുക എന്ന ചർച്ചയിൽ സാംസ്കാരിക അനുഭവങ്ങൾ സവിശേഷമായി കടന്നുവരുന്നുണ്ട്. Mermaid, the village Churchyard, the boarding school where the young lady was fishing her education, foster child and foster father എന്നിങ്ങനെയുള്ള പരാമർശങ്ങൾ യൂറോപ്പിന്റെ സാമൂഹ്യ-സാസ്കാരിക പശ്ചാത്തലത്തിൽ മാത്രം പ്രസക്തമായതാണെന്ന നിരീക്ഷണമാണ് അതിനോടനുബന്ധമായി മുന്നോട്ടു വയ്ക്കുന്നത്. യൂറോപ്പിന്റെയും തദ്ദേശീയസാംസ്കാരിക അനുഭവങ്ങളുടെയും കാര്യത്തിൽ വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാണ്.

3 ഇന്ത്യൻ പശ്ചാത്തലത്തിൽ പൊതുവേ മുസ്ലീം വിഭാഗം സമ്മർദ്ദശക്തിയായി പ്രവർത്തിക്കാവുന്ന സാമൂഹ്യനിലകൈവരിച്ചു എന്നാണെങ്കിലും ഈ ഘട്ടത്തിൽ ഇസ്ലാം മതവിഭാഗത്തിന്റെ മേല്നോട്ടത്തിൽ മദ്രാസ് പ്രവിശ്യയിൽ ആധുനികവിദ്യാലയങ്ങൾ വ്യാപകമായിരുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത് (Satthianadhan, 1894). മതപഠനം നടത്തിവന്ന സ്ഥാപനങ്ങളെ ഗ്രാന്റിന്റെ സഹായത്തോടെ പില്ക്കാലത്താണ് ഈ വിദ്യാഭ്യാസസംവിധാനത്തിന്റെ ഭാഗമാക്കി മാറ്റുന്നത് (മക്തിതങ്ങൾ, 2012:440). ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സമുദായപരിഷ്കർത്താവായ മക്തിതങ്ങൾ ഇസ്ലാം സമുദായത്തെ പൊതുവിദ്യാഭ്യാസത്തിലേക്ക് നയിക്കാനുള്ള പരിശ്രമങ്ങളിലേർപ്പെട്ടിരുന്നു. ഇസ്ലാം വിഭാഗത്തിന്റേതായി അത്തരമൊരു പ്രതികരണം റിപ്പോർട്ടുകളിൽ ലഭ്യമാകാത്തത് അതുകൊണ്ടുകൂടിയാകാം.

### സഹായകഗ്രന്ഥങ്ങൾ

1 അബ്ദുൾകരിം, കെ.കെ.മുഹമ്മദ്, (സമ്പാ.) (2012), മക്തിതങ്ങൾ, മക്തിതങ്ങളുടെ സമ്പൂർണ കൃതികൾ, കോഴിക്കോട്: വചനം ബുക്സ്.

2 Satthianadhan, S., (2008), History of Education in The Madras Presidency. Bombay: Srinivasa Varadachari And Co,

3 E., Sreejith,(2019) Education in Kerala Transition From Precolonial To The Colonial Phase. Ph.D. Thesis, Sodhganga, Department of History, University of Calicut, Http://Hdl.Handle.Net/10603/308591. English.

4 Kumar, Krishna (2005), Political Agenda of Education: A Study of Colonialist and Nationalist Idea, New Delhi: Sage Publications.

5 The report of revision of English Telugu and Tamil School Books in Madras Presidency,(1874), Internet Archives, The Madras Government Gazette, https://ia802902.us.archive.org/8/items/dli.csl.2597/2597.pdf. English.

# ശരീരവും അധികാരവും ‘ഒതപ്പി’ൽ സാറാ ജോസഫിന്റെ ‘ഒതപ്പ്’ എന്ന നോവലിനെ മുൻനിർത്തിയുള്ള പഠനം

**രാഖി എം ജി**

ഗവേഷക,
ശ്രീ കേരളവർമ്മ കോളേജ്,
തൃശ്ശൂർ
ഇമെയിൽ : rakhimg90@gmail.com

**സംഗ്രഹം**

സമകാലികചിന്തയിൽ അനേകം മാനങ്ങളുള്ള പദമാണ് ശരീരം. സാമൂഹികശാസ്ത്ര പഠനങ്ങൾ ശരീരം സാമൂഹിക സൃഷ്ടിയാണെന്ന് കണ്ടെത്തി. മലയാളത്തിലെ സ്ത്രീപക്ഷ എഴുത്തുകാരികളിൽ ശ്രദ്ധേയയായ സാറാ ജോസഫിന്റെ ‘ഒതപ്പ്’ എന്ന നോവൽ, ഫ്രഞ്ച് ദാർശനികനായ മിഷേൽ ഫൂക്കോയുടെ ശരീരവും അധികാരവുമെന്ന സിദ്ധാന്തം മുൻനിർത്തി വിശകലനം ചെയ്യുകയാണിവിടെ.

**താക്കോൽവാക്കുകൾ:** ശരീരം (Body), സ്ത്രീവാദം (Feminism), അധികാരം (Power)

ശരീരം സാമൂഹിക ഉത്പന്നമാണ്. മതം, അധിനിവേശം, അധികാരം, ജാതി, ആചാരങ്ങൾ തുടങ്ങി ഒരു ദേശത്തിന്റെ സാമൂഹിക -സാംസ്കാരിക സവിശേഷതകളാണ് അവിടത്തെ ശരീരബോധം രൂപപ്പെടുത്തുന്നത്. ഭാരതീയർ ശാരീരികാനുഭൂതികൾ ദൈവികവും പവിത്രവുമായി കണ്ടു. ഹൈന്ദവ ക്ഷേത്രങ്ങളിലെ നഗ്നപ്രതിമകൾ ഇതിന് തെളിവാണ്. എന്നാൽ യൂറോപ്പിൽ ഉടലെടുത്ത ക്രിസ്തുമതം ശാരീരികാനന്ദത്തേക്കാൾ ശ്രേഷ്ഠം മാനസികാനന്ദമാണെന്ന് കണ്ടെത്തി. ഉടലോടെ പട്ടുപോകുന്ന ശരീരത്തിന്റെ ആനന്ദത്തിനു വേണ്ടി ജീവിക്കാതെ ശ്രേഷ്ഠമായ ആത്മാവിന്റെ ആനന്ദത്തിനു വേണ്ടി ജീവിക്കാൻ ക്രിസ്തുമതം ആഹ്വാനം ചെയ്തു. ലൈംഗികത പാപമായും സ്ത്രീശരീരം പാപത്തിലേക്കുള്ള പ്രലോഭനമായും അവർ വിലയിരുത്തി. അതിനാൽ സ്ത്രീ ലൈംഗികതയെ നിയന്ത്രിച്ചുകൊണ്ട് അവളെ പുരുഷനിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരണമെന്ന് അവർ പ്രചരിപ്പിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടോടെ കേരളത്തിൽ പാശ്ചാത്യാധിനിവേശം ശക്തമാവുകയുണ്ടായി. ക്രിസ്തുമത ദർശനങ്ങളുടെ ആഴത്തിലുള്ള പ്രചാരത്തിനിത് കാരണമായി. കേരളത്തിൽ സദാചാരസങ്കൽപ്പങ്ങൾ ശക്തമാകുന്നതും സ്ത്രീശരീരത്തിനു മേൽ നിയന്ത്രണങ്ങൾ ശക്തമാകുന്നതും ഇക്കാലത്താണ്. ഇതോടെ പുരുഷനിയന്ത്രണത്തിന് കീഴിൽ കീഴടങ്ങി ജീവിക്കുന്ന സ്ത്രീകളെ സമൂഹം ‘കുലീന’യെന്നും പുരുഷനിയന്ത്രണത്തിന് പുറത്തു കടക്കുന്നവളെ ‘ചീത്ത

 ISSN: 2582 - 2594

സ്ത്രീ'യെന്നും വിശേഷിപ്പിക്കാൻ തുടങ്ങി. പത്തൊൻപതാം നൂറ്റാണ്ടു വരെ മലയാളസാഹിത്യവും ഏറെക്കുറെ ശരീരവർണ്ണനകളിലായിരുന്നു അഭിരമിച്ചത്. കൊളോണിയൽ ആധുനികതയുടെ കടന്നുവരവോടെ ശരീര വർണ്ണനകൾ സാഹിത്യത്തിലും നിയന്ത്രിതമായി.

സ്ത്രീയുടെ അനുഭവങ്ങളും കാമനകളും പുരുഷന്മാരാണ് ആദ്യകാലത്ത് അവതരിപ്പിച്ചിരുന്നത്. ഇരുപതാംനൂറ്റാണ്ടോടെ സ്ത്രീവാദമെന്ന ചിന്താധാര യൂറോപ്പിൽ സജീവമാവുകയും മലയാളത്തിലേക്ക് സംക്രമിക്കുകയും ചെയ്തു. പുരുഷകേന്ദ്രിതസമൂഹത്തിൽ സ്ത്രീയുടെ ചലനങ്ങൾ പോലും പുരുഷ താല്പര്യങ്ങൾക്ക് അനുസരിച്ചായിരുന്നു രൂപപ്പെട്ടിരുന്നത്. സ്ത്രീയെ പുരുഷനെതിരായോ കീഴാളമായോ സമൂഹം നോക്കിക്കണ്ടു. ഈ സാഹചര്യത്തിലാണ് ഫെമിനിസം രൂപം കൊള്ളുന്നത്. ഫെമിനിസത്തിന്റെ ലക്ഷ്യം സ്ത്രീ-പുരുഷസമത്വം ആയിരുന്നു. സ്ത്രീയുടെ അനുഭവങ്ങൾ സ്ത്രീകൾ തന്നെ അവതരിപ്പിക്കുന്ന പ്രവണത സജീവമായത് ഫെമിനിസത്തിന്റെ കടന്നുവരവോടെയാണ്. ആദ്യകാലങ്ങളിൽ സരസ്വതി അമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, മാധവിക്കുട്ടി തുടങ്ങിയ എഴുത്തുകാരികൾ സ്ത്രീകളുടെ സംഘർഷങ്ങളും കാമനകളും തുറന്നെഴുതിയിട്ടുണ്ടെങ്കിലും മലയാളത്തിൽ ഫെമിനിസത്തിനടിത്തറ പാകിയത് സാറാ ജോസഫിന്റെ രചനകൾ ആയിരുന്നു. സ്ത്രീയുടെ ആത്മസംഘർഷങ്ങളായിരുന്നു അവരുടെ ഒട്ടുമിക്ക രചനകളുടെയും പ്രമേയം. കൂടാതെ സ്ത്രീയുടെ ലൈംഗികത, പ്രസവം മുതലായ ശരീരകേന്ദ്രിതമായ അവസ്ഥകളെ സൂക്ഷ്മമായി അവതരിപ്പിക്കുകയും ചെയ്തു പുരുഷകേന്ദ്രീകൃത സമൂഹത്തിൽ തങ്ങളുടെ നിലനിൽപ്പ് കണ്ടെത്തുന്നവരാണ് സാറാജോസഫിന്റെ സ്ത്രീകഥാപാത്രങ്ങൾ. ഭാഷാ സാഹിത്യത്തിൽ പെണ്ണെഴുത്തിന് പുതിയ മാനങ്ങൾ നൽകിയ സാറാ ജോസഫിന്റെ മാറ്റാത്തി, പാപത്തറ, ഒതപ്പ് തുടങ്ങിയ ഒട്ടുമിക്ക രചനകളും സ്ത്രീ കേന്ദ്രിതമാണ്.

'ഒതപ്പ്' എന്ന നോവലിനെ മുൻനിർത്തിയുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്. കുടുംബം, മതം മുതലായ ആണധികാരകേന്ദ്രങ്ങളെ പ്രതിരോധിച്ചുകൊണ്ട് ജീവിതവിജയം കണ്ടെത്തുന്ന മർഗ്ഗലീത്തയുടെ കഥയാണ് നോവലിന്റെ പ്രമേയം. ക്രിസ്തുമതത്തിനുള്ളിലെ പൊള്ളത്തരങ്ങളെയും ലിംഗവിവേചനത്തെയും നോവൽ വ്യക്തമാക്കുന്നു. പ്രസ്തുത നോവലിൽ ശരീരം മുന്നോട്ടുവയ്ക്കുന്ന ആശയാവലികൾ കണ്ടെത്തുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം. ശരീരം അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും ഇടമായി മാറുന്നതെങ്ങനെയെന്ന് പ്രബന്ധത്തിൽ ചർച്ചചെയ്യുന്നു.

## കരുത്തരായ സ്ത്രീകൾ

### 1. മർഗ്ഗലീത്ത

ശാരീരികമായിട്ടല്ലെങ്കിലും മാനസികമായി കരുത്താർജ്ജിച്ചവരാണ് നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ. നോവലിലെ കേന്ദ്ര കഥാപാത്രമാണ് മർഗ്ഗലീത്ത. സഭാവസ്ത്രം ഉപേക്ഷിച്ച ഗാർഹസ്ഥ്യം തിരഞ്ഞെടുത്ത മർഗ്ഗലീത്തയുടെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ് നോവൽ വികസിക്കുന്നത്. സഹജീവി സ്നേഹത്തേക്കാൾ ശ്രേഷ്ഠം സന്യാസമാണെന്ന് അപ്പനോട് തർക്കിച്ചുകൊണ്ട് മഠത്തിൽ ചേരുന്ന അവൾക്ക് സഭാജീവിതത്തിനിടയിൽ തനിക്ക് കർത്താവിൽ പൂർണമായും മനസ്സർപ്പിക്കാൻ കഴിയുന്നില്ലെന്ന തിരിച്ചറിവ് ഉണ്ടാകുന്നു. അതിനു കാരണം വികാരിയായ കരീക്കനോട് അവൾക്ക് തോന്നുന്ന പ്രണയമാണ്. സഭാവസ്ത്രത്തോട് നീതി

കാട്ടാൻ കഴിയാതെ വരുമ്പോൾ അത് ഉപേക്ഷിച്ച് തിരികെ കുടുംബത്തിൽ അഭയം പ്രാപിക്കുകയാണ് അവൾ.

സഭാവസ്ത്രം ഉപേക്ഷിച്ച മർഗ്ഗലീത്തയെ സമൂഹവും കുടുംബവും തെറ്റുകാരിയായി കാണുന്നു. എന്നാൽ കരീക്കനും അവളോടുള്ള പ്രണയം കാരണം സഭാവസ്ത്രം ഉപേക്ഷിക്കുന്നുണ്ടെങ്കിലും അയാളെ സമൂഹം തെറ്റുകാരനായി കാണുന്നില്ല. കാരണം അയാൾ പുരുഷനാണെന്നതു തന്നെ. മഠത്തിൽ നിന്ന് ഇറങ്ങിയ അവൾക്ക് പുറംലോകം കാത്തുവെച്ചത് കൊടിയ അപമാനവും അവഗണനയുമാണ്. സ്വന്തം കുടുംബംപോലും അവളെ തള്ളിപ്പറയുന്നു. കുടുംബജീവിതവും ദുരന്തപൂർണമായതോടെ ഒരിക്കൽ വേണ്ടെന്നുവച്ച സഹജീവി സേവനത്തിൽ അവൾ എത്തിച്ചേരുന്നു. മതത്തിൽ നിന്നും പുറന്തള്ളപ്പെട്ട അവൾ മാതൃത്വത്തിൽ അഭയം കണ്ടെത്തുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

സ്വന്തം നിലപാടുകളിൽ ഉറച്ചുനിൽക്കാൻ ആർജ്ജവമുള്ള കഥാപാത്രമാണ് മർഗ്ഗലീത്ത. ആദ്യം മഠത്തിൽ ചേരുന്നതും പിന്നീട് അത് ഉപേക്ഷിച്ച് കുടുംബജീവിതം സ്വീകരിക്കുന്നതും അവളുടെ മനോധൈര്യം വെളിപ്പെടുത്തുന്നു. മഠത്തിലെ ജീവിതത്തിനിടയിലും താൻ പ്രസവിച്ചു കിടക്കുന്നതായി അവൾ സ്വപ്നം കാണുന്നുണ്ട്. ഫ്രോയിഡ് മനുഷ്യന്റെ അബോധത്തിൽ ഒളിഞ്ഞുകിടക്കുന്ന സഫലീകരിക്കാത്ത ആഗ്രഹങ്ങളെയാണ് സ്വപ്നമായി വ്യാഖ്യാനിക്കുന്നത് (സത്യൻ പി, പി., 2014). സഭാവസ്ത്രത്തിന് തന്റെയുള്ളിലെ ശാരീരികവും മാനസികവുമായ കാമനകളെ ദമനം ചെയ്യാൻ കഴിയുന്നില്ലെന്ന തിരിച്ചറിവാണ് അവളെ അത് ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നത്. തന്റെ ശരീരത്തിന്റെ ആഗ്രഹങ്ങളെ തിരിച്ചറിയുന്നതോടെ മർഗ്ഗലീത്തയുടെ വ്യക്തിത്വത്തിൽ മാറ്റങ്ങൾ കൈവരുന്നു. ഈശ്വരസേവനത്തിലൂടെ കണ്ടെത്താനാവാത്ത പരമാനന്ദം ശരീരത്തിലൂടെയാണ് അവൾ കണ്ടെത്തുന്നത്. ഇത് അവളിലെ നിഷേധിയെ ഉണർത്തി. ഒരിക്കൽ തന്നെ അന്ധമായി ഭ്രമിപ്പിച്ച മതദർശനങ്ങളെ അവൾ തള്ളിപ്പറയുന്നത് അതുകൊണ്ടാണ്. അമ്മയാകുന്നതുവരെ വൈരൂപ്യമുള്ള എന്തിനെയും അറപ്പോടെയാണ് അവൾ സമീപിച്ചിരുന്നത്. എന്നാൽ ഫാദർ അഗസ്റ്റിന്റെ വീട്ടിലെ കുഞ്ഞിനെ പരിചരിക്കുന്നതിലൂടെ അവളിലെ മാതൃത്വമുണരുകയും ഏതു വൈരൂപ്യത്തെയും സൗന്ദര്യമായി കാണുന്ന തലത്തിലേക്ക് വികസിക്കുകയും ചെയ്യുന്നു. ശരീരത്തെയും അതിന്റെ ജൈവികതയെയും തിരിച്ചറിയുന്നിടത്താണ് മർഗ്ഗലീത്ത സ്വത്വം കണ്ടെത്തുന്നതും ജീവിതവിജയം ആർജിക്കുന്നതും.

എന്തിനെയും പ്രതിരോധിക്കാൻ തക്ക മനശക്തി പ്രകടിപ്പിച്ചിരുന്ന കഥാപാത്രമാണ് മർഗ്ഗലീത്ത. സമൂഹത്തിന്റെ എതിർപ്പുകൾ പ്രതിരോധിക്കാനുള്ള കെൽപ്പ് പുരുഷകേന്ദ്രീകൃത സമൂഹത്തിൽ കരീക്കനുപോലും കൈവരിക്കാനാകാതെ വരുന്നിടത്താണ് പുരുഷന്റെ മനോദാർഢ്യം അവൾ കൈവരിക്കുന്നത്. പുരുഷത്വം സ്ത്രീത്വം എന്നിങ്ങനെ തിരിച്ചറിയപ്പെടുന്ന സ്വഭാവസവിശേഷതകൾ സാംസ്കാരിക സാഹചര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുന്നതാണെന്നും ശാരീരിക പ്രത്യേകതകളുമായി അതിനു ബന്ധമില്ലെന്നുമുള്ള ഫെമിനിസ്റ്റ് നിരീക്ഷണം ഇവിടെ പ്രസക്തമാകുന്നു. കുട്ടിക്കാലം മുതൽ തന്നെ ആൺകുട്ടിയും പെൺകുട്ടിയും അവരുടെ ലിംഗസവിശേഷതകൾക്ക് അനുയോജ്യമെന്ന് കരുതുന്ന പെരുമാറ്റം, കളി, വസ്ത്രധാരണം മുതലായവ പരിശീലിക്കുന്നു. നിരന്തരമായ പരിശീലനത്തിലൂടെയാണ് ചില ഗുണങ്ങൾ ഒരു പ്രത്യേക ലിംഗത്തിന്റെ സ്വഭാവമായി മാറുന്നത്. ധൈര്യം, ആത്മവിശ്വാസം എന്നിവ പുരു


ISSN: 2582 - 2594

ഷഗുണങ്ങളാണെന്നും അലിവും നാണവും സ്ത്രീഗുണങ്ങളാണെന്നുമുള്ള വിശ്വാസം രൂപപ്പെട്ടത് ഇപ്രകാരമാണ്. മർഗ്ഗലീത്ത ചെറുപ്പം മുതലേ സ്വന്തം ഇഷ്ടങ്ങളിൽ ഉറച്ചുനിൽക്കുന്ന പ്രകൃതക്കാരിയായിരുന്നു. അപ്പനോട് സന്യാസത്തിന് പോകുന്ന കാര്യം പറഞ്ഞു തർക്കിക്കുന്നിടത്ത് അവളുടെ നിശ്ചയദാർഢ്യം വ്യക്തമാണ്. തന്റെ കുടുംബത്തിനുള്ളിലെ എതിർപ്പുകളെ കായികമായിട്ടല്ലെങ്കിലും മനശക്തികൊണ്ട് അവൾ നേരിടുന്നു. ഇഷ്ടപ്പെട്ട പുരുഷനോട് പ്രണയം തുറന്നു പറയാനും അത് സാക്ഷാത്ക്കരിക്കാനും അവൾ മുൻകൈയെടുക്കുന്നു. അതോടെ അവൾ സമൂഹത്തിന് മുന്നിൽ തെറ്റുകാരിയായി മാറുകയാണ്. മർഗ്ഗലീത്തയിലെ ധൈര്യത്തിന്റെയും നിഷേധത്തിന്റെയും മറ്റൊരു രൂപം പ്രകടമാകുന്നത് പുരുഷന്മാർ മാത്രം ചെയ്തുകൊണ്ടിരുന്ന കുർബാനയിലും ദിവ്യബലിയിലും സിസ്റ്റർ ജർമ്മിയയ്ക്കൊപ്പം പങ്കെടുക്കുമ്പോഴാണ്. കരീക്കൻ പോലും പകച്ചുപോകുന്ന സന്ദർഭങ്ങളിലും അവൾ നിശ്ചയദാർഢ്യം പ്രകടിപ്പിക്കുന്നു. നിലവിലിരിക്കുന്ന അധികാര കേന്ദ്രങ്ങളെ പ്രതിരോധിക്കാൻ അവൾക്ക് കഴിയുന്നു. തന്റെ കാമനകളെ സാക്ഷാത്കരിക്കുന്നതിൽ മാത്രമല്ല ജൈവികമായ ചോദനകളെ തിരിച്ചറിയുന്നിടത്താണ് മർഗ്ഗലീത്ത സ്വതന്ത്രയാകുന്നത്. ഇഷ്ടക്കേടുകളോട് നിരന്തരം കലഹിക്കുന്ന കഥാപാത്രമായി മർഗ്ഗലീത്ത നിലകൊള്ളുന്നു.

**2. റബേക്ക**

മർഗ്ഗലീത്തയെപ്പോലെ അസാമാന്യമായ മനക്കരുത്തുള്ള കഥാപാത്രമാണ് റബേക്കയും. കടുത്ത ദാരിദ്ര്യവും ജീവിതാനുഭവങ്ങളുമാണ് അവളെ അതിനു പ്രാപ്തയാക്കുന്നത്. രണ്ടാനമ്മയിൽ നിന്ന് നേരിട്ട പീഡനങ്ങളും വിവാഹശേഷം നേരിട്ട യാതനകളും അവളെ കരുത്തയാക്കി മാറ്റി. പ്രതിസന്ധികളിൽ പതറാതെ നിൽക്കാൻ മർഗ്ഗലീത്തയ്ക്ക് കരുത്താവുന്നതും റബേക്ക തന്നെ. കൊടിയ ദരിദ്ര്യത്തിൽ നിന്നും കഠിനമായ പീഡനങ്ങളിൽ നിന്നും രക്ഷനേടാൻ തന്നെക്കാൾ പ്രായക്കൂടുതലുള്ള തോമസ് വൈദ്യരെ അവൾ വിവാഹം കഴിക്കുന്നു. പക്ഷെ സുന്ദരിയും ചെറുപ്പക്കാരിയുമായ അവളെ അയാൾ സംശയിക്കുന്നു. ഒപ്പം നിരന്തരമായ ശാരീരികപീഡനത്തിന് ഇരയാകുന്നു. ഒരുവേള അയാളെ വീട്ടിൽ പൂട്ടിയിട്ട് രക്ഷപ്പെടാൻ വരെ അവൾ തയ്യാറാകുന്നുണ്ട്.

ഭർത്താവുമായി പിരിഞ്ഞശേഷം സ്വന്തമായി തൊഴിലെടുത്ത് ജീവിക്കാൻ തയ്യാറാകുന്ന റബേക്കയെ ചീത്ത സ്ത്രീ എന്നു വിളിച്ച് സമൂഹം പരിഹസിക്കുന്നു. കുടുംബത്തിന്റെ ഘടനയ്ക്കുള്ളിൽ നിന്നും പുറത്ത് കടക്കുന്ന പുരുഷാധിപത്യത്തെ മാനിക്കാത്ത സ്ത്രീകളെ സമൂഹമെപ്പോഴും ചീത്തസ്ത്രീയെന്ന് മുദ്രകുത്താറുണ്ട്. പുരോഹിതന്മാർ മാത്രം ചെയ്യുന്ന പ്രാർത്ഥന ചൊല്ലലിലും അത്ഭുതപ്രവൃത്തികളിലും അവൾ നാട്ടിൽ പേരെടുക്കുന്നു. ചാണ്ടി ഡോക്ടറുടെ കള്ളത്തരങ്ങൾ പുറത്തുകൊണ്ടുവരുന്ന അവളെ തടവിലാക്കിയാണ് പുരുഷാധിപത്യ സമൂഹം കീഴടക്കാൻ ശ്രമിക്കുന്നത്. മർഗ്ഗലീത്തയെ പോലെ പുരുഷാധികാരത്തിന് കീഴടങ്ങാൻ തയ്യാറാകാത്ത കഥാപാത്രമാണ് റബേക്കയും.

**3. സിസ്റ്റർ ജർമ്മിയ**

നോവലിൽ വളരെ കുറച്ചു മാത്രമേ സിസ്റ്റർ ജർമ്മിയയെക്കുറിച്ചുള്ള പരാമർശമുള്ളൂ. സഭയ്ക്കുളിലെ പുരുഷാധിപത്യ വ്യവസ്ഥകളോട് കലഹിക്കുന്ന കഥാപാത്രമായി അവർ കടന്നുവരുന്നു.

പുരോഹിതന്മാർ മാത്രം ചെയ്യുന്ന മതചടങ്ങുകൾ സ്വയം ചെയ്തുകൊണ്ടാണ് അവർ പുരുഷാധിപത്യത്തെ വെല്ലുവിളിക്കുന്നത്. അതിനവർ പിടിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ സിസ്റ്റർ ജർമ്മിയയ്ക്ക് പിന്നീട് എന്ത് സംഭവിച്ചുവെന്നതിനെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നില്ല. സ്വാഭാവികമായും സഭയുടെ ശിക്ഷാവിധികൾക്ക് അവർ ഇരയായിട്ടുണ്ടാകാമെന്നതിൽ തർക്കമില്ല.

**4. ആബേലമ്മ**

മേൽ സൂചിപ്പിച്ച മൂന്ന് കഥാപാത്രങ്ങളും അധികാരത്തോട് കലഹിക്കുമ്പോൾ ആബേലമ്മ വിധേയപ്പെടുകയാണ് ചെയ്യുന്നത്. മതത്തിനുള്ളിലെ ശരിതെറ്റുകളെക്കുറിച്ച് ധാരണയുണ്ടെങ്കിലും അതിനെതിരെ പ്രതികരിക്കാൻ അവർ തയ്യാറാകുന്നില്ല. കടുത്ത ദാരിദ്ര്യമാണ് അവരെ സന്യാസത്തിന് പ്രേരിപ്പിക്കുന്നത്. അതോടെ അവരുടെ കുടുംബം സാമ്പത്തികമായി ഉയർന്നു. മതത്തിന്റെ കെട്ടുപാടുകളെ പൊട്ടിച്ച് പുറത്തു പോയാൽ കടുത്ത വില നൽകേണ്ടി വരുമെന്ന തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. അതിനാലാണ് അവർ പലതിനെതിരെയും നിശബ്ദത പാലിക്കുന്നത്. "ഒരു വ്യവസ്ഥിതിക്ക് കീഴ്പ്പെട്ട് കഴിഞ്ഞാൽ അതിനോട് ചേർന്ന് പോവുകയാണ് നല്ലത്. ധിക്കരിച്ച് പുറത്ത് കടന്നാൽ ശരീരത്തിലും ആത്മാവിലും വലിയ വില കൊടുക്കേണ്ടി വരുമെന്ന്" (സാറാ ജോസഫ്. 2010). മർഗ്ഗലീത്തയ്ക്ക് മുന്നറിയിപ്പ് നൽകുന്നത് അധികാരവ്യവസ്ഥയെ ചോദ്യം ചെയ്യുന്നതെത്ര ഭീകരമാണെന്ന തിരിച്ചറിവുള്ളത് കൊണ്ടാണ്. കുടുംബത്തിനുവേണ്ടി സന്യാസജീവിതം സ്വീകരിക്കുന്നുണ്ടെങ്കിലും പിന്നീട് ആ തീരുമാനത്തിൽ അവർ പശ്ചാത്തപിക്കുന്നുണ്ട്. അതുകൊണ്ടാണ് റിനിയെ മഠത്തിൽ ചേർക്കണമെന്ന് സിൽവിയുടെ തീരുമാനത്തെ അവർ എതിർക്കുന്നത്.

## നിസ്സഹായരായ സ്ത്രീകൾ

മഠത്തിലെ മറ്റു കന്യാസ്ത്രീകളും തങ്ങളുടെ ശരീരത്തിന്റെ ദാഹങ്ങൾ അടക്കിപ്പിടിച്ച് ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. ഫാദർ കരീക്കന്റെ മഠത്തിലേക്കുള്ള വരവ് അവർക്ക് എത്രമാത്രം ആശ്വാസകരമായിരുന്നുവെന്ന് നോവലിൽ പരാമർശമുണ്ട്. സിഗരറ്റിന്റെയും സെന്റിന്റെയും കൂടിക്കുഴഞ്ഞ ആൺമണം മഠത്തിലെ പലർക്കും ആശ്വാസമായിരുന്നുവെന്ന റബേക്കയുടെ വാക്കുകൾ സന്യാസജീവിതത്തിന്റെ പൊള്ളത്തരങ്ങളിലേക്ക് വിരൽചൂണ്ടുന്നു. ലൈംഗികതൃഷ്ണയെ ദൈവത്തിലേക്ക് തിരിച്ചുവിടുന്നത് പല മതങ്ങളിലെയും സന്യാസിനിമാരിൽ ദൃശ്യമാണെന്ന് ഡോ. എസ്. ശാരദക്കുട്ടി അഭിപ്രായപ്പെടുന്നു. "സദാചാരപരമായ വിലക്കുകൾ അതിജീവിച്ചുകൊണ്ട് അവർ തങ്ങൾക്ക് ഇഷ്ടമുള്ള സങ്കല്പപുരുഷനുമായി പ്രണയത്തിൽ ഏർപ്പെടുകയാണ്. കൃഷ്ണനെ ഭർത്താവായി സങ്കൽപ്പിച്ച ആണ്ടാൾ എന്ന യോഗിനിയും ഭക്തമീരയും സൗന്ദര്യാത്മകമായി അനുഭവിച്ചത് ലൈംഗികാനന്ദം തന്നെയാണെന്ന്" (ശാരദക്കുട്ടി, എസ്. 2010) ശാരദക്കുട്ടി ടീച്ചറുടെ വാക്കുകൾ നോവലിനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. സന്യാസത്തിലൂടെ ശാരീരികമായ തന്റെ ലൈംഗികചോദനകൾ നിയന്ത്രിക്കാൻ മർഗലീത്തയ്ക്ക് കഴിയുന്നില്ല. ഈ ഘട്ടത്തിലാണ് ദാമ്പത്യത്തിലൂടെ അവൾ തന്റെ കാമനകൾ സാക്ഷാത്കരിക്കുന്നത്. എന്നാൽ ഭക്തിയിലൂടെയോ ദാമ്പത്യത്തിലൂടെയോ തങ്ങളുടെ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ കഴിയാതെ ഉഴലുന്ന മറ്റ് കന്യാസ്ത്രീകൾ പുരുഷാധികാരത്തിന് വിധേയരായി ജീവിക്കുകയാണ് ചെയ്യുന്നത്.

 ISSN: 2582 - 2594

മർഗ്ഗലീത്തയുടെ അമ്മ, സഹോദര ഭാര്യമാർ, യോഹന്നാൻ കശീശയുടെ ഭാര്യ സാറാ കൊച്ചമ്മ മുതലായവർ കുടുംബിനികളാണ്. അധികാരത്തിന് കീഴടങ്ങി ജീവിക്കുന്നവരുമാണവർ. സ്ത്രീ, പുരുഷന് കീഴടങ്ങേണ്ടവരാണെന്ന ധാരണ അവർക്കുണ്ട്. അതുകൊണ്ടാണ് മതത്തിനെ എതിർത്ത് പുറത്തുവന്ന മർഗ്ഗലീത്തയ്ക്ക് വീട്ടിനുള്ളിൽ സ്വാതന്ത്ര്യം നിഷേധിക്കുന്നത്. അവളെ പുരുഷാധികാരത്തിന്റെ വരുതിയിൽ കൊണ്ടുവരാനാണ് അമ്മ അഡ്വക്കേറ്റ് ചിറമ്മലുമായി അവളുടെ വിവാഹം നിശ്ചയിക്കുന്നത്. അവൾ മതത്തെ ഹനിക്കുന്നത് അവർ ഭയത്തോടെ നോക്കിക്കാണുന്നു. മതനിഷേധിയായ മർഗ്ഗലീത്തയെ കുടുംബത്തിന് അപമാനം വരുത്തിവച്ചവളെന്ന് അവർ വിശേഷിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ പുരുഷാധിപത്യ സമൂഹം രൂപപ്പെടുത്തിയ ശരീരകേന്ദ്രിതമായ സദാചാരസങ്കൽപ്പങ്ങൾക്ക് വിധേയരായി ജീവിക്കുന്നവരാണ് നോവലിലെ ഒട്ടുമിക്ക സ്ത്രീ കഥാപാത്രങ്ങളും.

### നോട്ടവും സദാചാരവും

സ്ത്രീശരീരത്തിന്മേൽ ആണധികാരവ്യവസ്ഥ അടിച്ചേൽപ്പിച്ചതാണ് സദാചാര ചിന്തകൾ. സ്ത്രീകൾ പൊതുവിടങ്ങളിൽ സ്വതന്ത്രരായി വിഹരിക്കുന്നതും ഒറ്റയ്ക്ക് കഴിയുന്നതും സംശയത്തോടെയാണ് സമൂഹം നോക്കിക്കാണുന്നത്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലിംഗപരമായ വിഭജനത്തെ ആദ്യ വർഗ്ഗവിഭജനമായി എങ്കൽസ് നോക്കിക്കാണുന്നു. ഉൽപ്പാദനോപാധികൾ വികസിച്ചതോടെ പുരുഷന്മാർ സ്വകാര്യസ്വത്തിനുടമകളായി മാറി. കുടുംബം സ്വകാര്യസ്വത്തിന്റെ സാമ്പത്തിക യൂണിറ്റായി. അതോടെ ലിംഗപരമായ അസമത്വം വർദ്ധിച്ചു. കുടുംബവ്യവസ്ഥയ്ക്കൊപ്പം പുരുഷാധിപത്യവും വികസിച്ചു. സമൂഹത്തിൽ സ്ത്രീ-പുരുഷ അസമത്വം ആരംഭിച്ചത് ഇപ്രകാരമാണെന്നാണ് പണ്ഡിതാഭിപ്രായം (സത്യൻ പി, പി. 2014).

അവിവാഹിതയും മതത്തിന്റെ അധികാരകേന്ദ്രങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുവളാണ് മർഗ്ഗലീത്ത. അതായത് ആണധികാരത്തിന് പുറത്തുവന്നവൾ. അതുകൊണ്ടാണ് അവളുടെ ചലനങ്ങൾ സമൂഹം ജാഗ്രതയോടെ നിരീക്ഷിക്കുന്നത്. യോഹന്നാൻ കശീശയുടെ വീട്ടിൽ കഴിയുന്ന മർഗ്ഗലീത്തയെ സമൂഹം ചൂഴ്ന്നുനോക്കുന്നതും അവളെപ്പറ്റി അപവാദങ്ങൾ പറഞ്ഞുപരത്തുന്നതും അതുകൊണ്ടാണ്. വീട്ടിൽ നിന്ന് ഇറങ്ങി ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്ന മർഗഗലീത്തയ്ക്ക് 'എങ്ങട് പാനാ' (ഭാസ്കരനുണ്ണി, പി. 2012) എന്ന ചോദ്യം നേരിടേണ്ടിവരുന്നത് അവൾ പുരുഷസംരക്ഷണം ഇല്ലാത്ത അവിവാഹിതയായ സ്ത്രീ ആയതുകൊണ്ടാണ്

### വസ്ത്രത്തിനുള്ളിലെ അന്തഃസംഘർഷങ്ങൾ

'വസ്ത്രം' എന്ന പദത്തിന് "പൂജാദികർമ്മങ്ങൾക്ക് നമ്പൂതിരിമാർ എടുത്തുവന്ന ഉപയോഗിക്കുന്ന നീളവും വീതിയുമുള്ള തുണി" എന്നാണ് പി. ഭാസ്കരനുണ്ണി നൽകുന്ന നിർവചനം. പത്തൊമ്പതാം ശതകം വരെ കേരളത്തിൽ വസ്ത്രം ജാതി സൂചകമായിരുന്നു. ശരീരം മുഴുവൻ വസ്ത്രത്താൽ മറച്ചു പിടിച്ചിക്കുന്ന രീതി പത്തൊമ്പതാംശതകം വരെ കേരളത്തിൽ ഉണ്ടായിരുന്നില്ല. അക്കാലത്ത് നഗ്നത അപമാനമായി കണ്ടിരുന്നില്ല. പല രാജ്യങ്ങളിലും നഗ്നത പണ്ട് ആഢ്യത്വത്തിന്റെ ചിഹ്നമായിരുന്നുവെന്ന് എം കമറുദ്ദീൻ നിരീക്ഷിക്കുന്നു. ഇരുപതാം നൂറ്റാണ്ടോടെ നഗ്നത തെറ്റായി വ്യാഖ്യാനിക്കാൻ തുടങ്ങി. അതോടെ വസ്ത്രം കൊണ്ട് ശരീരം മുഴുവൻ മറയ്ക്കുന്ന പ്രവണത ആരംഭിച്ചു. ലൈംഗികത സംബന്ധിച്ച സദാചാര സങ്കല്പങ്ങൾ വേരൂന്നിയ

പ്പോൾ വസ്ത്രം ലൈംഗികാകർഷണം തടയാനുള്ള മാധ്യമമായി മാറി. വസ്ത്രം ഉരിഞ്ഞെറിയുന്നത് സ്വാതന്ത്ര്യത്തിന്റെ പ്രകടനമായി വിലയിരുത്താറുണ്ട്. വിശുദ്ധവസ്ത്രം ഉരിഞ്ഞെറിയുമ്പോൾ മർഗ്ഗലീത്ത പ്രകടിപ്പിക്കുന്നതും പുരുഷാധികാരത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

പത്തൊമ്പതാം നൂറ്റാണ്ട് വരെ വസ്ത്രം ജാതീയമായ ഉയർച്ചതാഴ്ചയെ സൂചിപ്പിച്ചിരുന്നു. വസ്ത്രത്തിന് ജാതിയെ മാത്രമല്ല പദവിയെയും ധ്വനിപ്പിക്കാൻ കഴിഞ്ഞു. പുരോഹിതന്മാർക്ക് നിറം കുറഞ്ഞതും അധികം ആകർഷണമില്ലാത്തതുമായ വസ്ത്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. അധികവും വെള്ള വസ്ത്രങ്ങളാണ് പുരോഹിതന്മാർ ഉപയോഗിക്കാറുള്ളത്. വെള്ളവസ്ത്രം വിശുദ്ധിയുടെയും നന്മയുടെയും പ്രതീകമായി കരുതുന്നു. നോവലിൽ മർഗ്ഗലീത്തയുടെ വസ്ത്രങ്ങൾ അമ്മ ഭയഭക്തി ബഹുമാനത്തോടെ നോക്കുന്നത് അവ വിശുദ്ധിയുടെ പ്രതീകമായി കരുതുന്നതുകൊണ്ടാണ്. വസ്ത്രം വ്യക്തിത്വത്തെ നവീകരിക്കുമെന്ന ധാരണയാണ് ഇത്തരം വസ്ത്ര വിഭജനങ്ങൾക്ക് പിന്നിൽ. ഏത് വസ്ത്രവും നിരന്തരമായി ധരിക്കുമ്പോൾ അത് ആത്മാവുമായി താദാത്മ്യം പ്രാപിക്കുകയും വ്യക്തിത്വ രൂപീകരണത്തിന് സഹായിക്കുകയും ചെയ്യുമെന്നാണ് പണ്ഡിത മതം.

അധികം ശാരീരിക ചലനങ്ങൾ അനുവദിക്കാത്തതും ശാരീരികാകർഷണം സൃഷ്ടിക്കാത്തതുമാണ് സന്യാസവസ്ത്രങ്ങൾ. എന്നിട്ടും കരീക്കന് മർഗലീത്തയുടെ ഓർമ്മകളിൽ ആദ്യം തെളിഞ്ഞു വരുന്നത് വിശുദ്ധവസ്ത്രത്തിനുള്ളിലെ അവളുടെ ശരീരമാണ്. മറച്ചുവെച്ച ശരീരം എതിർലിംഗത്തിന്റെ ലൈംഗികാസക്തി വർദ്ധിപ്പിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ശരീരത്തിലെ വൈദിക വസ്ത്രത്തിനും ഇതര വൈദികമുദ്രകൾക്കും തന്റെ വികാരങ്ങൾക്ക് കടിഞ്ഞാണിടാൻ കഴിയുന്നില്ലെന്ന് കരീക്കൻ തിരിച്ചറിയുന്നുണ്ട്. ഇതേ തിരിച്ചറിവ് മർഗ്ഗലീത്തയ്ക്കുമുണ്ടാകുന്നു. മാനസികനവീകരണം വസ്ത്രത്തിലൂടെയും ശരീര നിയന്ത്രണത്തിലൂടെയും ലക്ഷ്യം വയ്ക്കുന്ന മതദർശനങ്ങളെയും അതിന്റെ പരിമിതികളെയും നോവൽ ചൂണ്ടിക്കാട്ടുന്നു.

### ശരീരവും മനസ്സും

ആധുനിക ചിന്തയിൽ ശരീരത്തിനും മനസ്സിനും തുല്യ പ്രാധാന്യമുണ്ട്. ശാരീരികമായ ഉണർവ് മാനസികാനന്ദത്തിലേക്ക് നയിക്കുമെന്ന ദർശനമാണ് നോവൽ മുന്നോട്ട് വയ്ക്കുന്നത്. കരീക്കനുമായി പ്രണയത്തിലാകുന്ന മർഗ്ഗലീത്ത അയാളുമായി ശാരീരികബന്ധം സ്ഥാപിക്കുന്നു. കരീക്കനുമൊത്തുള്ള ശാരീരികവേഴ്ച അവൾക്ക് മാനസികാനന്ദം നൽകുന്നു. സന്യാസത്തിലൂടെ അന്വേഷിക്കുന്ന ആനന്ദം അവൾ കണ്ടെത്തുന്നത് ശരീരത്തിലൂടെയാണ്. ആനന്ദമാണ് ദൈവമെന്ന് അവൾ തിരിച്ചറിയുന്നു. ലോകത്തിലെ എല്ലാവർക്കും പ്രണയത്തിന്റെ ആനന്ദം നിലനിർത്താൻ കഴിഞ്ഞാൽ സമാധാനം ഉണ്ടാകുമെന്നും ഭൂമി ഹരിതാഭമാകുമെന്നും അവർ തിരിച്ചറിയുന്നു. ശരീരവും ആത്മാവും തമ്മിലുള്ള അകലങ്ങൾ ഇല്ലാതാകുമ്പോഴാണ് യഥാർത്ഥ ആനന്ദം ലഭിക്കുമെന്ന തിരിച്ചറിവിലാണ് അവളെ പ്രണയം എത്തിക്കുന്നത്.

### ശരീരവും അധികാരവും നോവലിൽ

മതം, കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങളിലാണ് സമൂഹത്തിൽ അധികാരം നിക്ഷിപ്തമായിരിക്കുന്നത്. നോവലിൽ മതവും കുടുംബവും അധികാരകേന്ദ്രങ്ങളായി വർത്തിക്കുന്നു. അധികാരം മേൽപ്പറഞ്ഞ സാമൂഹികസ്ഥാപനങ്ങളിലൂടെ


ISSN: 2582 - 2594

വ്യക്തിശരീരത്തിൽ നിയന്ത്രണങ്ങൾ നടപ്പാക്കുകയും സാമൂഹികശരീരസങ്കല്പത്തിനുള്ളിലേക്ക് വ്യക്തിയെ നയിക്കുകയും ചെയ്യുന്നു. ഫ്രഞ്ച് ദാർശനികനായ മിഷേൽ ഫൂക്കോയുടെ 'ഡിസിപ്ലിൻ ആൻഡ് പണിഷ്' എന്ന കൃതിയിൽ ശരീരവും അധികാരവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അധികാരം വിവിധ ബന്ധങ്ങളുടെ രൂപത്തിലാണ് നിലനിൽക്കുന്നത്. ഇവിടെ മതവും കുടുംബവും അധികാരസ്ഥാപനങ്ങളായി വർത്തിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'തടവറ' ശരീരത്തെ വരുതിയിൽ കൊണ്ടുവരാനുള്ള അധികാരകേന്ദ്രത്തിന്റെ തന്ത്രത്തെയാണ് സൂചിപ്പിക്കുന്നത്. ഭൗതികശരീരത്തിൽ നിന്നും വേറിട്ടു നിൽക്കുന്ന വ്യക്ത്യനുഭവത്തിലെ മറ്റൊരു സ്ഥലത്തെ സമൂഹത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. ഫൂക്കോ ആ സ്ഥലത്തെ 'ആത്മാവ് 'എന്ന് വിളിക്കുന്നു (രവീന്ദ്രൻ പി. പി. 2017).

